# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുറമേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/p5/983/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 02/06/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുറമേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/p5/983/2022 തീയ്യതി: 02/06/2022

## കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എം. വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്) | 25-05-2022 | 30-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-05-2022 | 30-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.എം.കരുണാകരൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. സതീഷ് കുമാർ. സി.പി,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ദിശ ആർ.കെ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.റെൻസി.ഇ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.അച്ചുതൻ | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| ശ്രീമതി.അഡ്വ.ജ്യോതി ലക്ഷ്മി | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ.രാമചന്ദ്രൻ.എം | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഡോ.പ്രദോഷ് കുമാർ.എം | മെഡിക്കൽ ഓഫീസർ, പി.എച്ച്. സി | 01-04-2020 | 31-03-2021 |
| ശ്രീമതി. സനിഷ.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. പ്രനിഷ.എസ്.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.ചന്ദ്രൻ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 28-02-2021 |
| ശ്രീമതി. ഇന്ദിര.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-03-2021 | 01-03-2021 |
| ശ്രീമതി. മീന.സി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 02-03-2021 | 31-03-2021 |
| ശ്രീമതി. അശ്വതി.സി.എൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഡോ.അമ്പിളി നാരായണൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ. ബൈജു.പി.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 21-10-2020 |
| ശ്രീമതി. നിത്യ.ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 04-11-2020 | 31-03-2021 |
| ശ്രീമതി. അമൃത.എൻ.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. അനുപമ | ഡയറി എക്സ്റ്റൻഷൻ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| സുഗതൻ | ഓഫീസർ | | |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.Karunakaran (Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Disha R.K (Asst. Audit Officer, On 26-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-2 |
| 3 | വാർഷികധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Disha R.K (Asst. Audit Officer, On 28-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Disha R.K (Asst. Audit Officer, On 26-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Disha R.K (Asst. Audit Officer, On 26-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ<br>Written By: Disha R.K (Asst. Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: M.Karunakaran (Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-5 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: RENSY. E (Auditor, On 28-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-6 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: RENSY. E (Auditor, On 26-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-7 |
| 10 | ആഭ്യന്തരനിയന്ത്രണം.<br>Written By: Sreeja Thekkan (Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-8 |
| 11 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: M.Karunakaran (Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 1-9 |
| 12 | വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ<br>Written By: RENSY. E (Auditor, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 1-10 |
| 13 | വിമുക്ത ഭടന്മാരുടെ നികുതി ഇളവ് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല<br>Written By: RENSY. E (Auditor, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-11 |
| 14 | ദിവസവേതനമിനത്തിൽ അധിക തുക നൽകി .<br>Written By: Sreeja Thekkan (Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 1-12 |
| 15 | പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം:പിഴ ഈടാക്കിയില്ല<br>Written By: SathishKumar C P (Asst. Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 1-13 |
| 16 | സെക്രട്ടറിയുടെ പദ്ധതികൾ- വിനിയോഗവിവരം ലഭ്യമാക്കിയില്ല.<br>Written By: Sreeja Thekkan (Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 1-14 |
| 17 | എസ്.എസ്.എ വിഹിതം വകയിരുത്തിയതിൽ കുറവ്,വിനിയോഗ വിവരം | 1-15 |

| | | |
|---|---|---|
| | ലഭ്യമല്ല.<br>Written By: Sreeja Thekkan (Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | |
| 18 | രോഗ പ്രതിരോധന പ്രവർത്തനം വാഹന വാടക-ചെലവു രേഖകൾ ലഭ്യമല്ല.<br>Written By: Sreeja Thekkan (Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 1-16 |
| 19 | വിവിധ പ്രോജക്ടുകളിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയ തുകയ്ക്ക് നാളിതുവരെ മരുന്ന് ലഭ്യമാക്കിയില്ല.<br>Written By: Sreeja Thekkan (Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 1-17 |
| 20 | ആയുർവേദ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായതിന്റെ ബിൽ,സ്റ്റോക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Sreeja Thekkan (Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 1-18 |
| 21 | പഞ്ചായത്ത് തീരുമാനമെടുത്തിട്ടും സെലക്ഷൻ നോട്ടീസ് അയക്കാൻ വൈകുന്നു<br>Written By: SathishKumar C P (Asst. Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 1-19 |
| 22 | വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പ്രൊജക്ടുകളിൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയതും മറ്റ് അപാകതകളും.<br>Written By: M.Karunakaran (Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 1-20 |
| 23 | കന്നുകുട്ടി പരിപാലന പദ്ധതി -അടവാക്കിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല<br>Written By: M.Karunakaran (Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 1-21 |
| 24 | പി.എം.എ.വൈ.വിഹിതം നൽകൽ- ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല<br>Written By: M.Karunakaran (Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 1-22 |
| 25 | വീട് വാസയോഗ്യമാക്കൽ-(ജനറൽ) - അഡ്വാൻസ് കൈപ്പറ്റി പ്രവൃത്തി പൂർത്തിയാക്കിയില്ല; തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.<br>Written By: M.Karunakaran (Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 1-23 |
| 26 | ബഡ്സ് സ്കൂൾ അടിസ്ഥാന സൗകര്യം ഒരുക്കൽ-സ്കൂൾ പ്രവർത്തനം ആരംഭിക്കാത്തതിനാൽ വാങ്ങിയ ഫർണിച്ചറുകളും ഉപകരണങ്ങളും ഉപയോഗിക്കാതെ നശിക്കുന്നു<br>Written By: M.Karunakaran (Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 1-24 |
| 27 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി.-അഡ്വാൻസ് കൈപറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപറ്റിയില്ല.<br>Written By: M.Karunakaran (Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 1-25 |
| 28 | മാലിന്യ ശേഖരണത്തിനും സംസ്കരണത്തിനും സംവിധാനമില്ല.അജൈവ മാലിന്യം കയറ്റിഅയക്കുന്നതിന് ലക്ഷങ്ങൾ ചെലവഴിക്കപ്പെടുന്നു<br>Written By: M.Karunakaran (Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 1-26 |

| | | |
|---|---|---|
| 29 | മിനി എം.സിഎഫ്, ബോട്ടിൽ ബൂത്ത് എന്നിവ സ്ഥാപിച്ചതിന് രേഖകൾ ഇല്ല<br>Written By: M.Karunakaran (Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 1-27 |
| 30 | നെൽകൃഷിക്ക് കൂലിചെലവ് സബ് സിഡി അനുവദിച്ചതിൽ കണ്ടെത്തിയ അപാകതകൾ.<br>Written By: Sreeja Thekkan (Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 1-28 |
| 31 | ഫിഷറീസ് മേഖലയിൽ പദ്ധതി നടപ്പാക്കിയില്ല<br>Written By: Sreeja Thekkan (Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 1-29 |
| 32 | ചെലവഴിക്കാതെ അവശേഷിക്കുന്ന ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം പൂർണമായി തിരിച്ചടവാക്കിയില്ല.<br>Written By: Sreeja Thekkan (Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 1-30 |
| 33 | തെരുവ് വിളക്ക് സ്ഥാപിക്കൽ - രജിസ്റ്റർ സൂക്ഷിക്കുന്നില്ല , കൃത്യമായ കണക്കില്ലാതെ നിലാവ് പദ്ധതിയിൽ ചേർന്നു.<br>Written By: Sreeja Thekkan (Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 1-31 |
| 34 | അംഗൻവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങളില്ല<br>Written By: Sreeja Thekkan (Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 1-32 |
| 35 | പ്രവൃത്തി തുടങ്ങുന്നതിനുള്ള കാലതാമസം-നടപടികൾ സ്വീകരിച്ചില്ല<br>Written By: SathishKumar C P (Asst. Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 1-33 |
| 36 | പൊതുമരാമത്ത് പദ്ധതികൾ :മോണിട്ടറിംഗ് ഫലപ്രദമല്ല<br>Written By: SathishKumar C P (Asst. Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 1-34 |
| 37 | വിവിധക്ഷേമപെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈകൊള്ളുന്നതിൽ കാലതാമസം.<br>Written By: RENSY. E (Auditor, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ദിവസവേതനമിനത്തിൽ അധിക തുക നൽകി .<br>Written By: Sreeja Thekkan (Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 3-1 |
| 2 | പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം:പിഴ ഈടാക്കിയില്ല<br>Written By: SathishKumar C P (Asst. Audit Officer, On 30-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: RENSY. E (Auditor, On 26-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: RENSY. E (Auditor, On 26-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: RENSY. E (Auditor, On 26-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: RENSY. E (Auditor, On 26-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 4-4 |
| 5 | വായ്പ, വായ്പ തിരിച്ചടവ്.<br>Written By: RENSY. E (Auditor, On 26-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: RENSY. E (Auditor, On 26-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: RENSY. E (Auditor, On 26-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: RENSY. E (Auditor, On 26-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: RENSY. E (Auditor, On 26-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: RENSY. E (Auditor, On 26-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: RENSY. E (Auditor, On 26-05-2022)<br>Last Updated By: Vasudevan M (Deputy Director, On 02-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 24.3.20 ൽ കൂടിയ ഭരണസമിതിയുടെ അജണ്ട 1 തീരുമാനം 1/20 നമ്പർ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് 15-2.21 ലെ അജണ്ട 1 തീരുമാനം 1 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

1994 -ലെ കേരളപഞ്ചായത്ത്‌രാജ് നിയമം 214-ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവുൾപ്പെടെ അടുത്തവർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവു ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം. എന്നാൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഒഴികെ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. ഇങ്ങനെ തയ്യാറാക്കി സമർപ്പിച്ച ബജറ്റ് പ്രൊപ്പോസൽ ഉൾപ്പെടുന്ന ബജറ്റ് ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഭരണസമിതി അംഗീകരിച്ച നൽകിയ ബജറ്റ് പരിശോധിച്ചതിൽ ആയതിലെ മുന്നിരിപ്പ് നീക്കിയിരിപ്പ് എന്നിവക്ക് യഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലെന്ന് കാണുന്നു. അംഗീകരിച്ച ബജറ്റിൽ മുന്നിരിപ്പ് 12,12,85,876/- രൂപയും തൻവർഷ വരവ് 13,88,44,424/- രൂപയും ഉൾപ്പെടെ ആകെ വരവ് 26,01,30,300/- രൂപയും തൻവർഷത്തെ പ്രതീക്ഷിത ചെലവ് 10,57,75,574/- നീക്കിയിരിപ്പ് 154354726 രൂപയുമാണ്. തൻവർഷത്തെ പ്രതീക്ഷിത ചെലവിനേക്കാൾ കൂടിയ തുകയാണ് നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നത്. കേരള പഞ്ചായത്ത് രാജ്നിയമം 214-ാം വകുപ്പ് ഉപവകുപ്പ് 1 എ(2) പ്രകാരം ബജറ്റിൽ കാണിക്കുന്ന പ്രവർത്തന നീക്കിയിരിപ്പ് നടപ്പുവർഷത്തെ മതിപ്പുവരവിൽ എൻഡോവ്മെന്റുകൾ, ഗ്രാന്റുകൾ, അംശാദായങ്ങളിലും ഋണശീർഷങ്ങളിൽ നിന്നുള്ള വരവുകൾ എന്നിവ ഒഴികെയുള്ളതിന്റെ 5% കുറയാൻ പാടില്ലെന്നാണ് നിഷ്കർഷിക്കുന്നത്. എന്നാൽ ബജറ്റ് പ്രകാരം കാണിച്ചിട്ടുള്ളത് പഞ്ചായത്തിന്റെ ഇത്തരം വരുമാനമായി ലഭിക്കുന്ന ആകെ തുകയേക്കാൾ കൂടിയ തുകയാണ്.

പ്രസ്തുത നിയമത്തിലെ ഉപവകുപ്പ് 1 (എ)(6) പ്രകാരം അടിയന്തര സാഹചര്യത്തിലൊഴികെ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവഴിക്കാൻ പാടില്ലെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഓപ്പറേഷൻ & മെയിന്റനൻസ് ഇനത്തിൽ ബജറ്റ് പ്രകാരം 1202000/- രൂപ വകയിരുത്തിയപ്പോൾ യഥാർത്ഥ ചെലവ് ഈ ഇനത്തിൽ 2314664/- രൂപയാണ്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ബജറ്റ് തയ്യാറാക്കുമ്പോൾ ആയത് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 11.05.2021 |

## 1-2-1 വാർഷികധനകാര്യപത്രികയിലെ അപാകതകൾ

പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. വസ്തുനികുതി ഇനത്തിൽ വാർഷിക കണക്കിലെ RP-43 പ്രകാരമുള്ള റെസിഡൻഷ്യൽ, നോൺറെസിഡൻഷ്യൽ കലക്ഷൻ തുകകൾ ഡി.സി.ബി പത്രിക പ്രകാരമുള്ള കലക്ഷൻ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരം | ഡി.സി.ബി പത്രിക പ്രകാരം |
|---|---|---|
| റെസിഡൻഷ്യൽ കലക്ഷൻ- | 2252862/- | 2255750/- |
| നോൺ റെസിഡൻഷ്യൽ കലക്ഷൻ | 1111882/- | 1121197/- |

വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

2. B-14 പ്രകാരം ക്ലോസിംഗ് സ്റ്റോക്ക് ഇനത്തിൽ 73780/- എന്നു കാണുന്നു. ഇത് പരിശോധിക്കാനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

3. B-4 പ്രകാരം കോവിഡ് റിക്കവറി ഇനത്തിൽ 691605/- രൂപ അവശേഷിക്കുന്നു. ഇത് അടവാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല

4. RP-5 പ്രകാരം സെയിൽ ഓഫ് ടെണ്ടർ ഫോം ഇനത്തിൽ 99749/- രൂപ വരവുണ്ട്. ഇത് പരിശോധിക്കാനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല

5.2020-21 വർഷത്തെ ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് സെക്രട്ടറി എല്ലാ മാസവും

സാക്ഷ്യപ്പെടുത്തുന്നില്ല.

6. അഡ്വാൻസ് രജിസ്റ്റർ അബ്സ്ട്രാക്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല, B-18 ലെ 460500201 എന്ന ഹെഡിലെ തുക 173252/ - രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

7. ആസ്തികൾക്ക് ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ കാണക്കാക്കിയതിന് വർക്ക് ഷീറ്റ് വച്ചിട്ടില്ല.

8. ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

9. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ (ബി.3) എന്നത് Fixed Assets (B-11) ന്റേയും ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് (B-11(a)) യുടേയും ആകെ തുക ആയിരിക്കണം. എന്നാൽ സ്ഥാപനത്തിന്റെ എ.എഫ്.എസ് പരിശോധിച്ചതിൽ ഇവ തമ്മിൽ 7003420/ രൂപയുടെ വ്യത്യാസം കാണുന്നു. ആസ്തി സൃഷ്ടിക്കുന്നതിന് വേണ്ടി മെയിന്റനൻസ് ഗ്രാന്റ്/ തനത് ഫണ്ട് ഉപയോഗിച്ചത് കൊണ്ടാണ് ഈ വ്യത്യാസം വന്നിട്ടുള്ളത്

10.ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 3 വർഷം പിന്നിട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു. ലേല ഡെപ്പോസിറ്റ് - 1.4.2013 മുതൽ 31.3.2017 വരെ 10215/- രൂപ അദർ ഡെപ്പോസിറ്റ് - 01.04.2014 മുതൽ 31.03.2016 വരെ 70016/- രൂപ, കോൺട്രാക്ടേഴ്സ് ഇ.എം.ഡി 01.04.2015 മുതൽ 31 .3.2016 വരെ 113591/ രൂപ, സപ്ലയേഴ്സ് ഇ.എം.ഡി - 01.04.2012 മുതൽ 31-3-17 വരെ, 23877/- രൂപ, ബിഡേഴ്സ് ഇ.എം.ഡി-1.4.2013 മുതൽ 31.3.15 വരെ 950/- രൂപ, കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് 1.4.11 ലെ4 875/- രൂപ, സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് 1.4.16 ലെ 4500/- രൂപ കോൺട്രാക്ടേഴ്സ് റിറ്റെൻഷൻ 1.4.14 ലെ 26663/- രൂപ

11. 20-21 വർഷം ലോൺ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

12.20-21 വർഷം പഞ്ചായത്തിൽ ലേല രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. അപാകതകൾ പരിഹരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,32,35,432 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,26,69,999 |
| ആകെ | 8,59,05,431 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,29,69,929 |

| | |
|---|---|
| നീക്കിയിരിപ്പ് | 2,29,35,502 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | | 0 | 11488310 | 11488310 | 10,88,5738 | 60,2572 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 0 | 1278,000 | 1278,000 | 989020 | 2,88980 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 820,2900 | 820,2900 | 8155638 | 47362 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 388,2332 | 388,2332 | 387,596,6 | 6366 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - (ACR പ്രകാരം) | | 0 | 17,581,559 | 17,581,559 | 9051500 | 853,0059 |
| സാക്ഷരത | | 235792 | 11790 | 247582 | 0 | 247582 |
| ദുരിതാശ്വാസനിധി | | 5572 | 279 | 5851 | 0 | 5851 |
| എം.ജി. എൻ. ആർ.ഇ. | തൊഴിലാളികളുടെ കൂലി | | 55722397 | 55722397 | 55722397 | |

| | | | | | | |
|---|---|---|---|---|---|---|
| ജി.എസ് | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 599758 | 1220617 | 1820375 | 1543 | 1818832 |
| ബി.ഫണ്ട് | | | 58554900 | 58554900 | 58554900 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 12771914 | 12771914 | 5483453 | 7288461 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ടോട്ടൽ സാനിറ്റേഷൻ | | 708216 | 0 | 708216 | 0 | 708216 |
| ഐ.സി.ഡി.എസ് | | 505285 | 1188426 | 1693711 | 1189539 | 504172 |
| എം.പി.ഫണ്ട് | | 62502 | 1717 | 64219 | 0 | 64219 |
| ശുചിത്വമിഷൻ ഗ്രാന്റ് | | 2035224 | 1685970 | 3721194 | 170000 | 3551194 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| വിമുക്തി | | 33900 | | 33900 | | 33900 |
| ബഡ്സ് സ്കൂൾ | | 1250000 | | 1250000 | 244034 | 1005966 |
| പൈക്ക | | 401000 | | 401000 | | 401000 |

### 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1). ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്), ധനകാര്യ കമ്മീഷൻ അവാർഡ്, എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 66194085 | 14351159 |
| വികസനഫണ്ട് (എസ്.സി.പി) | 2292020 | 1353500 |
| മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്) | 7474168 | 5036168 |
| ധനകാര്യകമ്മീഷൻ അവാർഡ് | 15862432 | 13862432 |

2) വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), ധനകാര്യകമ്മീഷൻ അവാർഡ്, മെയിന്റനൻസ് ഗ്രാന്റ് – നോൺറോഡ് ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

അപാകത പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രോജക്ടുകൾ |
|---|---|---|---|
| 183 | 138 | 9 | 36 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 183 പ്രോജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 147 പ്രോജക്ടുകൾക്ക് സാമ്പത്തിക വർഷത്തിൽ തുക

വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ പ്രോജക്ടുകൾക്കായി 75512542 രൂപ വകയിരുത്തിയതിൽ 46002709/- രൂപ പ്രോജക്ടുകൾക്കായി വിനിയോഗിച്ചിട്ടുണ്ട്. യഥാസമയം പ്രോജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കാത്തതിനാൽ ലഭ്യമായ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക പൂർണമായി വിനിയോഗിക്കാൻ കഴിയാതെ ലക്ഷക്കണക്കിന് രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം ലഭ്യമായ തുക | ചെലവുവന്ന തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 11488310 | 10885738 | 602572 |
| വികസന ഫണ്ട്- SCP | 1278000 | 989020 | 288980 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡ് | 8203000 | 8155638 | 47362 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് | 3882332 | 3875966 | 6366 |
| C.F.C. ഗ്രാന്റ് (UnTied) | 12331559 | 8236483 | 4095076 |
| C.F.C. ഗ്രാന്റ് (Tied) | 5250000 | 815017 | 4434983 |

| | | | |
|---|---|---|---|
| ആകെ | 42433201 | 32957862 | 9475339 |

സാമ്പത്തിക വർഷത്തിൽ മേൽ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ 42433201/- രൂപയിൽ 32957862/- രൂപ വിനിയോഗിക്കാൻ മാത്രമെ പഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളൂ. അവശേഷിക്കുന്ന 9475339/- രൂപ ചെലവഴിക്കാതെ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. വികസന ഫണ്ട്, സി.എഫ്.സി ഗ്രാന്റുകൾ, മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺ റോഡ് എന്നിങ്ങനെ എല്ലാ ഇനങ്ങളിലും ലഭ്യമായ ഫണ്ടുകൾ പൂർണമായി വിനിയോഗിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിനങ്ങളിൽ ലഭ്യമായ തുക വിനിയോഗിക്കാതെ പോയതാണ് ഫണ്ട് നഷ്ടത്തിന് പ്രധാന കാരണമായത്.

തനത്ഫണ്ട് പരിമിതമായ പഞ്ചായത്തിൽ ലഭ്യമാവുന്ന വികസനഫണ്ട് പഞ്ചായത്തിന്റെ അനിവാര്യ വകയിരുത്തലുകൾ കഴിഞ്ഞാൽ മറ്റ് പ്രോജക്ടുകൾക്ക് തുക വകയിരുത്താൻ കഴിയുന്നില്ലെന്ന് മാത്രമല്ല എസ്.എസ്.കെ മുതലായ അനിവാര്യ വകയിരുത്തലിന് ആവശ്യമായ തുക വകയിരുത്താൻ പോലും കഴിയാത്തത് പഞ്ചായത്ത് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ്. ഈ ഒരവസ്ഥയിലാണ് വികസനഫണ്ട് ജനറൽ, എസ്.സി.പി ഇനങ്ങളിൽ ലഭ്യമായ തുകയിൽ 891552/- രൂപ പഞ്ചായത്തിന് നഷ്ടമായിട്ടുള്ളത്.

നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം പ്രത്യേകമായി പരിശോധിച്ചാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രോജക്ട് നിർവഹണത്തിലുള്ള വീഴ്ചയാണ് ഫണ്ട് നഷ്ടത്തിന് പ്രധാനമായും കാരണമായത്. അസിസ്റ്റന്റ് എഞ്ചിനീയർക്ക് സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ 96 പ്രോജക്ടുകൾ നടപ്പിലാക്കാനുണ്ടായിരുന്നതിൽ 75 പ്രോജക്ടുകൾക്ക് മാത്രമെ തുക ചെലവഴിക്കപ്പെട്ടിട്ടുള്ളു. മറ്റ് നിർവഹണ ഉദ്യോഗസ്ഥരിൽ കൃഷി ഓഫീസർ ഒഴികെയുള്ള നിർവഹണ ഉദ്യോഗസ്ഥരാരും തങ്ങളുടെ മേഖലയിലുള്ള എല്ലാ പ്രോജക്ടുകൾക്കും തുക ചെലവഴിച്ചിട്ടില്ല. സ.ഉ.എം.എസ് നമ്പർ 11/2018/ത.സ്വ.ഭ.വ. തി.29.1.18 ഖണ്ഡിക 6.7 ൽ നിഷ്കർഷിച്ച പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കിയല്ല റോഡ്, റോഡിതര ആസ്തികളുടെ മെയിന്റനൻസുകൾ നടത്തി വരുന്നത്. പഞ്ചായത്ത് തയ്യാറാക്കി വർഷം തോറും പരിഷ്കരിച്ച വരുന്ന സ്റ്റാറ്റസ് റിപ്പോർട്ടിൽ വിവിധ മേഖലകളുടെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിന്റെ തനത് ഫണ്ട് ജീവനക്കാരുടെ ശമ്പളം, മറ്റ് അനിവാര്യ ചെലവുകൾ എന്നിവ കഴിച്ച് പരിമിതമായ തുക നീക്കിയിരിപ്പുള്ളപ്പോൾ ആയത് പരിഗണിക്കാതെ പ്രോജക്ടുകൾക്ക് ഭീമമായ തുക തനത്ഫണ്ട് വകയിരുത്തി മറ്റ് ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്ന പ്രവണത പഞ്ചായത്തിൽ നിലനിൽക്കുന്നു. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളുടെ

രൂപീകരണം. നിർവഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തി കാണുന്നില്ല. പഞ്ചായത്ത് ഭരണസമിതി യോഗങ്ങളിലും പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ച വിലയിരുത്തൽ നടത്തി വരുന്നുണ്ടെങ്കിലും നിരന്തര വിലയിരുത്തലിന്റെ അഭാവം പ്രകടമാണ്. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തി കാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു.

## 1-6 ക്ഷേമ പദ്ധതികൾ

സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 10551300 | 751 |
| വിധവാപെൻഷൻ | 18394400 | 1242 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 23962100 | 1853 |
| വികലാംഗ പെൻഷൻ | 4891400 | 338 |
| 50 വയസ് കഴിഞ്ഞ | 665700 | 44 |

| | | |
|---|---|---|
| അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | | |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 90000 | 3 |

1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.05.2022 ന് 10.35 മണിക്ക് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9040/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ഭരണകാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പഞ്ചായത്തിൽ കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ 18.6.18-ലെ 5A/21 നമ്പർ ഉത്തരവ് പ്രകാരം വിഭജിച്ച് നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്തി കാണുന്നില്ല. സാമ്പത്തിക വർഷത്തിൽ 4 മീറ്റിങ്ങുകൾ മാത്രമാണ് ചേർന്നിരിക്കുന്നത്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ മേലുദ്യോഗസ്ഥർ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ഡയറി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഫ്രണ്ട് ഓഫീസ് മുഖേന ലഭിക്കുന്ന തപാലുകൾ ബന്ധപ്പെട്ട സെക്ഷനുകൾക്ക് അതത് ദിവസംതന്നെ കൈമാറുന്നുണ്ടെന്നും തപാലുകളിൽ യഥാസമയം നടപടികൾ കൈകൊള്ളുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. ക്യാഷ്ബുക്ക്, ഡേബുക്ക് എന്നിവ ദിവസേന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ഡേബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട അതാത് ദിവസത്തെ കാൻസൽഡ് റസീറ്റുകൾ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബാങ്ക്, ട്രഷറി എക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കിയത് ചില മാസങ്ങളിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിലെയും കൈമാറി കിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേരും വിലാസവും

രേഖപ്പെടുത്തി സൂക്ഷിക്കേണ്ട ഇൻകുമ്പൻസി മാസ്റ്റർ രജിസ്റ്റർ എഴുതി കൃത്യമായി സൂക്ഷിച്ചിട്ടില്ല. വൗച്ചറുകളുടെ കാര്യത്തിൽ ഭൂരിഭാഗം വൗച്ചറുകളും പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഊർജിതമായ നടപടികൾ ഉണ്ടാവേണ്ടിയിരിക്കുന്നു. 1996-97 മുതൽ 2019-20 വരെ വിവിധ റിപ്പോർട്ടുകളിലായി ഒട്ടനവധി പരാമർശങ്ങൾ നിലവിലും പരിഹരിക്കാതെ അവശേഷിക്കുന്നുണ്ട് .

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തത മൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവു ചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ ഒരു സൂപ്പർ ന്യൂമറി ക്ലാർക്ക് ഉൾപ്പെടെ 4 ക്ലാർക്ക് 4 സീനിയർ ക്ലാർക്ക് തസ്തികകളാണ് നിലവിലുള്ളത്. ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, ഡി&ഒ, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല എൽപ്പിച്ച മേഖലകളിലെ നിയമ ലംഘനങ്ങൾ റിപ്പോർട്ടു ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർ നടപടി ഇല്ലാതിരിക്കുകയും, ആയതുകൊണ്ടുതന്നെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-9 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2020-21 വർഷം വരെ ആകെ 4923

കുടുംബങ്ങൾ തൊഴിൽ കാർഡ് എടുത്തതിൽ സാമ്പത്തിക വർഷം 3281 കുടുംബങ്ങളിൽ നിന്നായി 3720 പേർ തൊഴിലിനായി അപേക്ഷിക്കുകയും ആയതിൽ 2998 കുടുംബങ്ങളിൽ നിന്നും 3381 പേർ തൊഴിലിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. 164 പ്രവൃത്തികളിലായി സാമ്പത്തിക വർഷത്തിൽ ആകെ 187267 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും തൊഴിലാളികളുടെ കൂലി ഇനത്തിൽ 55454421/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തികൾക്കുള്ള ആകെ ചെലവ് 57857553/- രൂപയാണ്. സാമ്പത്തിക വർഷത്തിൽ 392 കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനം ലഭ്യമായിട്ടുള്ളത് എം.എൻ.ആർ.ഇ.ജി.എസ്. ജീവനക്കാരുടെ ശമ്പളം, യാത്രാചെലവ്, മറ്റ് ചെലവുകൾ ഇനത്തിൽ 1199132/- രൂപയും ചെലവഴിക്കപ്പെട്ടിട്ടുണ്ട്. സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ആക്ഷൻ പ്ലാൻ പ്രകാരം 392 പ്രവൃത്തികൾക്കായി 128100000/- രൂപ വകയിരുത്തിയതിൽ മേൽ പറഞ്ഞ പ്രകാരം 164 പ്രവൃത്തികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം നടപ്പിലാക്കാനുദ്ദേശിച്ചതിന്റെ പാതി പ്രവൃത്തികൾപോലും നടപ്പിലാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം നടപ്പിലാക്കിയ 164 പ്രവൃത്തികളിൽ 29 എണ്ണം മാത്രമാണ് മെറ്റീരിയൽ പ്രവൃത്തികൾ. മെറ്റീരിയൽ പ്രവൃത്തികൾക്ക് മെറ്റീരിയൽ വിലയിനത്തിൽ മൊത്തം 1204000/- രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിക്കാവശ്യമായ മെറ്റീരിയലുകൾ സമാഹരിക്കുന്നതിൽ കൈകൊണ്ട ടെണ്ടർ നടപടിക്രമങ്ങളിൽ വീഴ്ച

സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പിലാക്കുന്ന മെറ്റീരിയൽ പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയലുകൾ ശേഖരിക്കുന്നതിൽ പഞ്ചായത്ത് സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയലുകൾ ഒറ്റ ടെണ്ടർ മുഖേന ഒന്നായി സമാഹരിക്കുന്നതിന് പകരം മുൻവർഷത്തേതു പോലെ ഓരോ പ്രവൃത്തിക്കും ആവശ്യമായ മെറ്റീരിയലുകൾ പ്രത്യേകം ടെണ്ടർ ക്ഷണിച്ചാണ് ശേഖരിച്ചത്. സാമ്പത്തിക വർഷത്തിൽ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനായി കൈകൊണ്ട ടെണ്ടറുകൾ പരിശോധിച്ചതിൽ 23 മെറ്റീരിയൽ പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയലുകൾ സപ്ലൈ ചെയ്യുന്നതിനായാണ് ടെണ്ടർ ക്ഷണിച്ചിരിക്കുന്നത്. ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ 10.2.21 ൽ ക്ഷണിച്ച ഒൻപത് ടെണ്ടറുകളിൽ 2 പേർ വീതം പങ്കെടുക്കുകയും ഒരാൾ എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്യുകയും മറ്റെ ആൾ എസ്റ്റിമേറ്റിലും കൂടിയ നിരക്കും ക്വാട്ട് ചെയ്തു കാണുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. പിന്നീട് 15.2.21 ൽ 14 പ്രവൃത്തികൾക്കുള്ള മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനു സ്വീകരിച്ച ടെണ്ടറിൽ എല്ലാ പ്രവൃത്തികൾക്കും S.L.C.C.S ആയഞ്ചേരി എന്ന സ്ഥാപനം മാത്രം പങ്കെടുക്കുകയും അവർക്കു മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനുള്ള കരാർ അംഗീകരിച്ച

നൽകിയതായും കാണുന്നു. ഒരു കരാറുകാരൻ മാത്രം പങ്കെടുക്കുന്ന ടെണ്ടറുകൾ റീ ടെണ്ടർ ചെയ്യണമെന്നിരിക്കെ അപ്രകാരം നടപടികൾ കൈകൊള്ളാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. പ്രവൃത്തികൾക്ക് കരാറുകാരൻ സൈറ്റിൽ ഇറക്കുന്ന മെറ്റീരിയലുകൾ ആരും തന്നെ അളവ് സാക്ഷ്യപ്പെടുത്തുന്നതായും കാണുന്നില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-10 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203, 208 വകുപ്പ്, 2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും, സേവന ഉപനികുതിയും സർച്ചാർജും) ചട്ടങ്ങൾ പ്രകാരം അതതു പഞ്ചായത്ത് പ്രദേശത്തുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നു.

പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 6 കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവിനെ കുറിച്ചാണ്. ഇതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർധനവുണ്ട്.

വസ്തുനികുതി പരിശോധിച്ചതിൽ 250 ചതുരശ്ര മീറ്ററിനു മുകളിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങൾ 419 എണ്ണമാണുള്ളത്. ഇതിൽ തറ നിർമ്മിതി സാധാരണ തറ, എന്ന് നൽകി നികുതിയിൽ വർദ്ധനവില്ലാത്ത കെട്ടിടങ്ങളിൽ ചിലത് താഴെ പട്ടികയിൽ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം |
|---|---|---|
| 1/99A | ശ്രീ. മുഹമ്മദലി മഠത്തിൽ കിഴക്കെ കൊമ്മിളി, പുറമേരി-673503 | 250.07ച. മീ |
| 2/38A | ശ്രീ. റഷീദ്, തയ്യുള്ളതിൽ, പുറമേരി-673503 | 272.79 ച. മീ |
| 2/139B | ശ്രീ. കിഴക്കയിൽ താഴക്കുനി | 264ച. മീ |

| | | |
|---|---|---|
| | കുഞ്ഞബ്ദുള്ള,<br>ശ്രീമതി. റൈഹാനത്ത്,<br>കുളങ്ങരത്ത്,<br>പുറമേരി-673503 | |

വസ്തുനികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകളിൽ (ചട്ടം 12) ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.

250 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾ പരിശോധിച്ച് തറ നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് ചുമത്താവുന്ന 15 % വർധന ചുമത്തി നികുതി നിർണയിക്കേണ്ടതാണ്.

## 1-11 വിമുക്ത ഭടന്മാരുടെ നികുതി ഇളവ് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല

സ.ഉ (കൈ) നം. 106/17/ത.സ്വ.ഭ.വ തീ. 26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/വിധവകൾക്ക് കെട്ടിടനികുതിയിൽ ഇളവ് അനുവദിക്കുന്നതിന് നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം കെട്ടിടനികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. പഞ്ചായത്തിലെ വിമുക്ത ഭടന്മാരുടെ നികുതി ഇളവ് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (ഓഡിറ്റ് എൻക്വയറി നമ്പർ 23/20-21 തീയതി 30/05/2022). എന്നാൽ നികുതി ഇളവ് ലഭിച്ച വിമുക്ത ഭടന്മാരെ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നികുതി ഇളവ് ലഭിച്ച വിമുക്ത ഭടന്മാരെ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-12 ദിവസവേതനമിനത്തിൽ അധിക തുക നൽകി .

തൻ വർഷം മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണം നടത്തിയ താഴെ കൊടുത്ത പ്രോജക്ട് മുഖേന ദിവസവേതനത്തിന് നിയമിച്ച മെഡിക്കൽ ഓഫീസർ,നഴ്സ് എന്നിവർക്ക് 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ള 12 മാസങ്ങളിലായി ദിവസവേതനം നൽകുന്നതിന് താഴെ കൊടുത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | ചെലവു തുക/ ഫണ്ടിനം | ബിൽ നംപർ |
|---|---|---|
| കുടുംബാരോഗ്യ കേന്ദ്രം അധിക ജീവനക്കാർക്ക് | 10070+10070+10070+200140+ 10070+10070+10070+10070+10070+ 10070+10070 = 1200840 (900630 വികസന ഫണ്ട്+300210 | 3/12.5.20<br>5/3.6.20<br>9/6.7.20 |

| | | |
|---|---|---|
| വേതനം 2020-21 105/21 | തനതുഫണ്ട്) | 10/24.8.20<br>15/6.10.20<br>17/4.11.20<br>20/28.11.20<br>28/8.3.21<br>വൗച്ചർ നമ്പർ 22001246/31-3-21<br>22000970/25-2-21<br>22000855/14-1-21 |

ജി.ഒ.(പി) 81/2019/ധനം തീയ്യതി 9-7-2019 ഉത്തരവ് പ്രകാരം 1.7.2019 മുതൽ കാറ്റഗറി XIIൽ ഉൾപ്പെട്ട മെഡിക്കൽ ഓഫീസർ (ഹെൽത്ത് സർവീസസ്), കാറ്റഗറി VIII ൽ ഉൾപ്പെട്ട സ്റ്റാഫ് നഴ്സ് എന്നിവർക്ക് യഥാക്രമം ദിവസവേതനം 1920,1075 എന്നിങ്ങനെയാണ്. ഒരു മാസം പരമാവധി 27 ദിവസത്തിൽ പരിമിതപ്പെടുത്തി മെഡിക്കൽ ഓഫീസർക്ക് 51840 രൂപയും സ്റ്റാഫ് നഴ്സിന് 29025 രൂപയും നൽകാവുന്നതാണ്. ജി.ഒ.(പി) 29/2021/ധനം തീയ്യതി 11-2-21 ഉത്തരവ് പ്രകാരം 1.2.2021 മുതൽ യഥാക്രമം ദിവസവേതനം 1960, 1100 എന്നിങ്ങനെയും ഒരു മാസം പരമാവധി 27 ദിവസത്തിൽ പരിമിതപ്പെടുത്തി മെഡിക്കൽ ഓഫീസർക്ക് 52920 രൂപയും സ്റ്റാഫ് നഴ്സിന് 29700 രൂപയും നൽകാവുന്നതാണ്. ഒരു മാസം എത്ര ദിവസം ജോലി ചെയ്തു എന്നതു സംബന്ധിച്ച അറ്റൻഡൻസ് സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല. ഈയിനത്തിൽ താഴെ കൊടുത്തിരിക്കും പ്രകാരം മെഡിക്കൽ ഓഫീസർക്കും സ്റ്റാഫ് നഴ്സിനും അധികം തുക നൽകിയതായി കാണുന്നു.

1. മെഡിക്കൽ ഓഫീസർ

| മാസം/വർഷം | മാസത്തിൽ പരമാവധി നൽകേണ്ട തുക | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|
| 4/2020 | 27x1920=51840 | 55285 | 3445 |
| 5/2020 | 27x1920=51840 | 55285 | 3445 |
| 6/2020 | 27x1920=51840 | 55285 | 3445 |
| 7/2020 | 27x1920=51840 | 55285 | 3445 |
| 8/2020 | 27x1920=51840 | 55285 | 3445 |
| 9/2020 | 27x1920=51840 | 55285 | 3445 |
| 10/2020 | 27x1920=51840 | 55285 | 3445 |

| | | | |
|---|---|---|---|
| 11/2020 | 27x1920=51840 | 55285 | 3445 |
| 12/2020 | 27x1920=51840 | 55285 | 3445 |
| 1/2021 | 27x1920=51840 | 55285 | 3445 |
| 2/2021 | 27x1960=52920 | 55285 | 2365 |
| 3/2021 | 27x1960=52920 | 55285 | 2365 |
| | അധികം നൽകിയ തുക | | 39180 |

2.സ്റ്റാഫ് നഴ്സ്

| മാസം/വർഷം | മാസത്തിൽ പരമാവധി നൽകേണ്ട തുക | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|
| 4/2020 | 27x1075=29025 | 29785 | 760 |
| 5/2020 | 27x1075=29025 | 29785 | 760 |
| 6/2020 | 27x1075=29025 | 29785 | 760 |
| 7/2020 | 27x1075=29025 | 29785 | 760 |
| 8/2020 | 27x1075=29025 | 29785 | 760 |
| 9/2020 | 27x1075=29025 | 29785 | 760 |
| 10/2020 | 27x1075=29025 | 29785 | 760 |
| 11/2020 | 27x1075=29025 | 29785 | 760 |
| 12/2020 | 27x1075=29025 | 29785 | 760 |
| 1/2021 | 27x1075=29025 | 29785 | 760 |
| 2/2021 | 27x1100=29700 | 29785 | 85 |
| 3/2021 | 27x1100=29700 | 29785 | 85 |

| | | | |
|---|---|---|---|
| | അധികം നൽകിയ തുക | | 7770 |

ഇപ്രകാരം ദിവസ വേതനമിനത്തിൽ അധികം തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (16/30-05-22) മറുപടി നൽകിയിട്ടില്ല. അധികം നൽകിയ 46950(39180+7770) രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-13 പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം:പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പി.ഡബ്ല്യൂ.ഡി തിയ്യതി.01-02-2012 നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% ത്തിൽ അധികരിക്കാതെ ദീർഘിപ്പിച്ചു നൽകാമെന്നു പറയുന്നു. സെക്ഷൻ 2112.1 അനുസരിച്ച് ഇങ്ങനെ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ ആദ്യ തവണ 1% വും തുടർന്ന് ഓരോ തവണയും 2% വും, മാക്സിമം 100,000/-രൂപ പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ചില പൊതുമരാമത്ത് പ്രവൃത്തികളിൽ സമയപരിധി പാലിക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തികളുടെ വിശദാംശം ചുവടെ:

| | പ്രവൃത്തിയുടെ പേര്,പ്രൊജക്ട് നമ്പർ | എസ്റ്റിമേറ്റ് | കരാറുകാരൻ, ടെണ്ടർ നിരക്ക് | പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി | ബിൽ റഫറൻസ് / സാങ്ഷൻ ഓർഡർ നമ്പർ, തുക |
|---|---|---|---|---|---|---|
| 1 | ബഡ്സ് സ്കൂൾ വൈദ്യുതീകരണം (217/21) | 100,000 | മുഹമ്മദ് എം | 18-12-2020 | 04-02-2021 | 308/20-03-2021 97,627 /- |
| 2 | വയോജനകേന്ദ്രം വൈദ്യുതീകരണം (/211 21) | 68 ,000 | മുഹമ്മദ് എം | 18-12-2020 | 04-02-2021 | 306/20-03-2021, 61,217/- |
| 3 | അങ്കണവാടികൾ വൈദ്യുതീകരണം (220/21) | 140,000/- | മുഹമ്മദ് എം | 23-12-2020 | 04-02-2021 | 1303359/23-03-201-21 |

ഈടാക്കേണ്ട പിഴയുടെ വിശദാംശം:

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| | പ്രവൃത്തി | പി.എ. സി സൈറ്റ് കൈമാറിയ തിയ്യതി, | പൂർത്തീകരിക്കേണ്ട കാലയളവ് തിയ്യതി | പൂർത്തീകരിച്ച തിയ്യതി, അധിക മെടുത്ത കാലയളവ് | ആദ്യ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ 1% (കാലയളവിന്റെ 25%) | തുടർന്നുള്ള ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ 2% (കാലയളവിന്റെ 25%*തവണ) | ആകെ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ |
| 1 | ബഡ്സ് സ്കൂൾ വൈദ്യുതീകരണം (217/21) | 100,000/- (28-11-2020) | 20ദിവസം (18-12-2020) | 04-02-2021 (48 ദിവസം) | 1000 (5ദിവസം) | 2000/- | 3000/- |
| 2 | വയോജനകേന്ദ്രം വൈദ്യുതീകരണം (211/ 21) | 68,000/- (28-11-2020) | 20ദിവസം (18-12-2020) | 04-02-2021 (48 ദിവസം) | 680 (5ദിവസം) | 1360/- | 2040/- |
| 3 | അങ്കണവാടികൾ വൈദ്യുതീകരണം (220/21) | 140,000/- (28-11-2020) | 25ദിവസം (23-12-2020) | 04-02-2021 (43 ദിവസം) | 1400 (6.25ദിവസം) | 2800/- | 4200/- |
| | | | | | | | 9240/- |

ടെണ്ടർ ചെയ്ത്, കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച് കാലാവധി കഴിഞ്ഞും പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ആശാസ്യമല്ല. നിയമപരമായി ഈടാക്കേണ്ട പിഴ പോലും ഈടാക്കാതെ ബിൽ തുക മുഴുവൻ നൽകിയത് ക്രമവിരുദ്ധമാണ്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന് പറഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി 24/2020-21ന് മറുപടി നൽകിയിട്ടില്ല. കരാറുകാരനിൽ നിന്നും പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ച 9240/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

**1-14 സെക്രട്ടറിയുടെ പദ്ധതികൾ- വിനിയോഗവിവരം ലഭ്യമാക്കിയില്ല.**

2020-21 വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി വിവിധ പ്രൊജക്ടുകൾ പ്രകാരം അടവാക്കിയ തുകയുടെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവുതുക | അടവാക്കിയ സ്ഥാപനം |
|---|---|---|---|
| 146/21(സ്പിൽ ഓവർ) സ്നേഹസ്പർശം പദ്ധതിക്ക് തുക കൈമാറൽ 2019-20 | 266662(വി.ഫണ്ട്) | 266662 | ജില്ലാപഞ്ചായത്ത്. |
| ഐ.കെ.എം.സേവനത്തിന് വിഹിതം നൽകൽ 2020-21 | 59423(വി.ഫണ്ട്) | 59423 | എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ |
| ആകെ | | 326085 | |

മേൽ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (17/30-05-22) മറുപടി നൽകിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു. വിനിയോഗവിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-15 എസ്.എസ്.എ വിഹിതം വകയിരുത്തിയതിൽ കുറവ്,വിനിയോഗ വിവരം ലഭ്യമല്ല.

പ്രൊജക്ട് നമ്പർ - 1/2020-21

വകയിരുത്തിയ തുക- 500000 (വികസനഫണ്ട്)

ചെലവുതുക - 500000 (ബിൽ നമ്പർ- 4/2020-21 തീ.18-9-2020)

നിർവഹണം - സെക്രട്ടറി

എസ്.എസ്.എ യുടെ വിവിധ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് വിഹിതം നൽകുന്നതിനു വേണ്ടിയുള്ള മേൽ പ്രൊജക്ട് പ്രകാരം 500000/- രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് ജില്ലാ പ്രൊജക്ട് ഓഫീസ് എസ്.എസ്.കെ കോഴിക്കോടിന് അടവാക്കിയിട്ടുണ്ട്. സ.ഉ.എം.എസ്.11/18 ത.സ്വ.ഭ.വ. 29.1.2018 ഖണ്ഡിക 7.6 പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും സർക്കാർ നിശ്ചയിക്കുന്ന തുക എസ്.എസ്.എ പ്രൊജക്ടുകൾക്ക് വകയിരുത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. യൂണിഫോം, പാഠപുസ്തകങ്ങൾ, അധ്യാപക പരിശീലനം, പഠനപോഷണ പരിപാടികൾ, തുടങ്ങിയ ചെലവുകളുടെ 40% വിഹിതമാണ് ഗ്രാമപഞ്ചായത്ത് വിഹിതമായി നിർദ്ദേശിച്ചിട്ടുള്ളത്. 2020-21 വർഷം 22.26 ലക്ഷം രൂപ എസ്.എസ്.കെ ആവശ്യപ്പെട്ടെങ്കിലും 500000 രൂപ മാത്രമാണ് അടവാക്കിയത്. 2019-20 വർഷം 21.2 ലക്ഷം രൂപ പഞ്ചായത്ത് വിഹിതമായി അടക്കാനാവശ്യപ്പെട്ടെങ്കിലും 498656 ലക്ഷം രൂപ മാത്രമാണ് അടച്ചത്. കൂടാതെ തൻ വർഷം എസ്.എസ്.കെ കോഴിക്കോടിന് അടവാക്കിയ 500000 രൂപയുടെ വിനിയോഗവിവരവും എസ്.എസ്.കെയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. തൻ വർഷം വികസന ഫണ്ടിൽ നിന്നും 9 ലക്ഷവും സി.എഫ്.സി ഗ്രാന്റിൽ(ഉപാധി രഹിതം) നിന്നും 40 ലക്ഷത്തോളം രൂപയും

പദ്ധതിവിഹിതം വിനിയോഗിക്കാതെ ഗ്രാമപഞ്ചായത്ത് നഷ്ടപ്പെടുത്തിയപ്പോഴാണ് മേൽപ്പറഞ്ഞ ചെലവുകൾക്ക് ആവശ്യമായ തുക വകയിരുത്താതിരുന്നത്.

അപാകതകൾക്ക് മറുപടി നൽകേണ്ടതും 500000 രൂപയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതുമാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക്(13/28-5-22) മറുപടി നൽകിയിട്ടില്ല. 500000 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. വ്യക്തമായ മറുപടിയും വിനിയോഗവിവരവും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-16 രോഗ പ്രതിരോധന പ്രവർത്തനം വാഹന വാടക-ചെലവു രേഖകൾ ലഭ്യമല്ല.

| | |
|---|---|
| പ്രൊജക്ട് നം | 226/21 (സ്പിൽ ഓവർ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി |
| വകയിരുത്തിയ തുക/ഫണ്ടിനം | 21600(തനതു ഫണ്ട്) |
| ചെലവഴിച്ച തുക | 18470 |
| വൗച്ചർ നമ്പർ | 22000584/24-11-20 |

പഞ്ചായത്തിലെ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി വിവിധ വാർഡുകളിൽ വാഹനമോടിച്ചതിന് വാഹന വാടകയിനത്തിൽ ശ്രീ.ദിനേശൻ.കെ എന്നവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് 18470 രൂപ നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ വാർഡുകളിലായി എത്ര കിലോമീറ്റർ വാഹനമോടിച്ചതിന് കിലോമീറ്ററിന് എത്ര നിരക്കിലാണ് പണം നൽകിയിരിക്കുന്നത് എന്ന് പരിശോധിക്കുന്നതിനുള്ള ട്രിപ്പ് ഷീറ്റോ മറ്റ് സബ് വൗച്ചറുകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (19/30-05-22) മറുപടി നൽകിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-17 വിവിധ പ്രോജക്ടുകളിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയ തുകയ്ക്ക് നാളിതുവരെ മരുന്ന് ലഭ്യമാക്കിയില്ല.

| പ്രോജക്ട് നമ്പർ /പേര് | ചെലവ്തുക | കെ.എം.സി.എല്ലിന് കൈമാറിയ തുക | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|
| 104/21 പെയിൻ ആന്റ് പാലിയേറ്റീവ് | 508261 | 119000 | 5928 |

| | | | |
|---|---|---|---|
| 106/2 മാരകരോഗമുള്ള നിർദ്ധനർക്ക് മരുന്ന് വിതരണം | 380500 | 380500 | 103266 |
| ആകെ | | 499500 | 109194 |

പാലിയേറ്റീവ് രോഗികൾക്കും മാരകരോഗമുള്ള നിർദ്ധനരോഗികൾക്കുമുള്ള അവശ്യ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക്(18/30-5-22) മറുപടി നൽകിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി അറിയിക്കുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു. മരുന്ന് ലഭ്യമാക്കി, സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം മറുപടി ലഭ്യമാക്കി തടസ്സം ഒഴിവാക്കേ ണ്ടതുമാണ്.

1-18 ആയുർവേദ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായതിന്റെ ബിൽ,സ്റ്റോക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 112/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| ചെലവ് തുക | 300000<br>(റോഡിതര സംരക്ഷണ ഗ്രാന്റ്) |
| ബിൽ നമ്പർ | 13/6-10-20 |

മീഞ്ചന്ത ആയുർവേദിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലഭ്യമാക്കിയ 502/4-6-2020 ഇൻവോയ്സ് പ്രകാരമുള്ള മരുന്നിന്റെ വിലയായ 3 ലക്ഷം രൂപ 6-10-20ന് മീഞ്ചന്ത ആയുർവേദിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കൈമാറിയിട്ടുണ്ട്. ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ ലഭ്യമായതിന്റെ ക്യാഷ് ബിൽ , മരുന്നിന്റെ സ്റ്റോക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക്(20/30-5-22) മറുപടി നൽകിയിട്ടില്ല. ചെലവ് തുകയായ 3 ലക്ഷം രൂപ തടസ്സത്തിൽ വെയ്ക്കുന്നു. മരുന്നുകൾ ലഭ്യമായതിന്റെ ക്യാഷ്ബിൽ , സ്റ്റോക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-19 പഞ്ചായത്ത് തീരുമാനമെടുത്തിട്ടും സെലക്ഷൻ നോട്ടീസ് അയക്കാൻ വൈകുന്നു

പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിച്ച് കരാറുകാരനെ പഞ്ചായത്ത് ഭരണ സമിതി തിരഞ്ഞെടുത്തിട്ടും കരാറുകാരന് സെലക്ഷൻ നോട്ടീസ് അയക്കാൻ വൈകുന്നു. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2009.6 പ്രകാരം കരാറുകാരൻ സമർപ്പിച്ച ടെണ്ടർ അംഗീകരിച്ച് കഴിഞ്ഞാൽ 7 ദിവസമോ ഫേം പിരീഡോ ഏതാണ് ആദ്യം വരുന്നത് ആ പരിധിക്കുള്ളിൽ കരാറുകാരന്

രജിസ്റ്റേഡായി സെലക്ഷൻ നോട്ടീസ് അയക്കേണ്ടതാണ്. സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുകാരൻ എഗ്രിമെന്റ് വെച്ചില്ലെങ്കിൽ പിന്നീട് പിഴയോടയേ കരാർ വെക്കാൻ പറ്റൂ. എന്നാൽ സെലക്ഷൻ നോട്ടീസ് അയക്കുന്നതിൽ മാന്വൽ അനുശാസിക്കുന്ന പ്രകാരമുള്ള സമയപരിധി ഇവിടെ പാലിക്കുന്നില്ല. വിശദാംശം ചുവടെ.

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| | പ്രവൃത്തി,ബിൽ റഫറൻസ് നമ്പർ/സാങ്ഷൻ ഓർഡർ നമ്പർ, തുക | ഭരണ സമിതി അംഗീകരിച്ച തിയ്യതി | സെലക്ഷൻ നോട്ടീസ് അയക്കേണ്ട തിയ്യതി | സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതി | കോളം 3 പ്രകാരം എഗ്രിമെന്റ് വെക്കേണ്ട തിയ്യതി | എഗ്രിമെന്റ് വെച്ച തിയ്യതി |
| 1 | കോടക്കൽ താഴെ അച്ചം കണ്ടി റോഡ് (പ്രൊ.241/21) 1378818/27-03-21 74,603/-, 388/26-03-21 162,375/- | 26-08-20 | 02-09-20 | 17-09-20 | 16-09-20 | 25-09-20 |
| 2 | പരുവനകുന്നത്ത് വേളം പഞ്ചായത്ത് റോഡ് (പ്രൊ.68/21) 1173494/05-03-21 299,090 | 26-0820 | 02-09-20 | 17-09-20 | 16-09-20 | 25-09-20 |
| 3 | ഏരിയാപ്പള്ളി കനകത്ത് താഴ റോഡ് (പ്രൊ.88/21) 1302610/23-03-21 | 26-08-20 | 02-09-20 | 17-09-20 | 16-09-20 | 29-09-20 |

| | | | | | | |
|---|---|---|---|---|---|---|
| | 222,909/- | | | | | |

മേൽ കാണിച്ചതിൻ പ്രകാരം ഭരണ സമിതി തീരുമാനമെടുത്തിട്ടും കരാറുകാരന് സെലക്ഷൻ നോട്ടീസ് അയക്കാൻ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2009.6 പ്രകാരമുള്ള 7 ദിവസ സമയപരിധി പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

1-20 വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പ്രൊജക്ടുകളിൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയതും മറ്റ് അപാകതകളും.

വെറ്ററിനറി സർജൻ മുഖേന നടപ്പിലാക്കിയ ക്ഷീരഗ്രാമം വനിത, പോത്തുകുട്ടി വിതരണം എന്നീ പ്രൊജക്ടുകൾ പരിശോധിച്ചതിൽ പ്രൊജക്ടുകൾക്കായി തയ്യാറാക്കിയ അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതായി കാണുന്നു. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

1)പ്രോജക്റ്റ് നമ്പർ- 30/21

പ്രൊജക്ടിന്റെ പേര്- കറവപ്പശു. (ക്ഷീരഗ്രാമം.വനിത)

വകയിരുത്തിയ തുക- 935000

ചെലവുതുക- 935000

പ്രൊജക്ട് പ്രകാരം 17 പേർക്ക് 27500 രൂപ പഞ്ചായത്ത് വിഹിതം, 27500 രൂപ ഗുണഭോക്തൃവിഹിതം എന്നിവ ചെലവഴിച്ച് പശുക്കളെ നൽകിയിട്ടുണ്ട്. ആയതിന് 14.9.20ലെ 1/15 നമ്പർ തീരുമാനപ്രകാരം ഗുണഭോക്താക്കളുടെ ലിസ്റ്റും അംഗീകരിച്ചു നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ലിസ്റ്റ് പരിശോധിച്ചതിൽ ആയതിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന രണ്ട് പേർക്ക് ആനുകൂല്യം നൽകിയതായി കാണുന്നു.

| ഗുണഭോക്താക്കളുടെ പേര് | വാർഡ് നമ്പർ |
|---|---|
| ഖദീജ ,വല്യാട്ട് താഴക്കുനിയിൽ | 17 |
| പ്രസീത.വലിയപറമ്പത്ത് | 6 |

പഞ്ചായത്ത് അംഗീകരിച്ചു നൽകിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനുള്ള സാഹചര്യം വിശദമാക്കേണ്ടതാണ്. പശുക്കളെ വാങ്ങിയ 17 ഗുണഭോക്താക്കളിൽ രണ്ട് പേരൊഴികെ തങ്ങൾക്ക് ലഭിച്ച പശുക്കളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത രണ്ട് ഗുണഭോക്താക്കൾക്ക് അനുവദിച്ച സബ്സിഡി തുക 55000 രൂപ തടസ്സത്തിൽ വെക്കുന്നു.

2) പ്രോജക്റ്റ് നമ്പർ- 31/21

പ്രൊജക്ടിന്റെ പേര്- പോത്തുകുട്ടി വിതരണം

വകയിരുത്തിയ തുക- 544000

ചെലവുതുക- 368000

പ്രൊജക്ട് പ്രകാരം 34 പേർക്ക് 8000 രൂപ പഞ്ചായത്ത് വിഹിതം 8000 രൂപ ഗുണഭോക്തൃവിഹിതം

എന്നിവ ഉപയോഗിച്ച് പോത്തു കുട്ടികളെ വാങ്ങാൻ തുക വകയിരുത്തിയിട്ടുണ്ട് . ആയതിന് 14.9.20ലെ 1/16നമ്പർ തീരുമാനപ്രകാരം ഗുണഭോക്താ ക്കളുടെ ലിസ്റ്റും അംഗീകരിച്ച നൽകിയിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ 23 പേർക്ക് പോത്തുകുട്ടികളെ നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ലിസ്റ്റ് പരിശോധിച്ചതിൽ ആയതിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന രണ്ട് പേർക്ക് സാമ്പത്തിക വർഷം ആനുകൂല്യം നൽകിയതായി കാണുന്നു.

| ഗുണഭോക്താക്കളുടെ പേര് | വാർഡ് നമ്പർ |
|---|---|
| മറിയം രാമത്ത് | 16 |
| മനോജൻ ആയാടത്തും പൊയിൽ | 9 |

പഞ്ചായത്ത് അംഗീകരിച്ചുനൽകിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തമേൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനുള്ള സാഹചര്യം വിശദമാക്കുന്നതോടൊപ്പം ഗുണഭോക്താക്കൾ പോത്തുകുട്ടികളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത രണ്ട് ഗുണഭോക്താക്കൾക്ക് അനുവദിച്ച സബ്സിഡി തുക 16000 രൂപ തടസ്സത്തിൽ വെക്കുന്നു.

1-21 കന്നുകുട്ടി പരിപാലന പദ്ധതി -അടവാക്കിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല

പ്രൊജക്റ്റ് നമ്പർ- 29/21

വകയിരുത്തിയ തുക- -212500

ചെലവുതുക- 212500(ബിൽ നമ്പർ 8/20-21 തി 25.11.20)

നിർവഹണം- വെറ്ററിനറി സർജൻ

കന്നുകുട്ടി പരിപാലന പ്രൊജക്റ്റ് പ്രകാരം 212500 രൂപ നിർവഹണ ഉദ്യോഗസ്ഥൻ മേൽ ബിൽ പ്രകാരം പിൻവലിച്ച് അസിസ്റ്റന്റ് ഡയറക്ടർ കാഫ് ഫീഡ്സ് സബ്സിഡി സ്കീം കോഴിക്കോടിന് അടവാക്കിയിട്ടുണ്ട്. അടവാക്കിയ തുകയുടെ കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം, പ്രൊജക്റ്റിന്റെ ഭൗതിക പുരോഗതി റിപ്പോർട്ട് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ചെലവുതുക 212500 രൂപ തടസ്സത്തിൽ വെക്കുന്നു. സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

1-22 പി.എം.എ.വൈ.വിഹിതം നൽകൽ- ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല

പ്രൊജക്റ്റ് നമ്പർ- 95/21

വകയിരുത്തിയ തുക- 70000

ചെലവുതുക- 70000(order No391/31.3.21)

വി.ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തിക വർഷത്തിൽ മേൽ പ്രോജക്റ്റ് പ്രകാരം 70000 രൂപ പി.എം.എ.വൈ.വിഹിതം ഇനത്തിൽ തൂണേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ കൈമാറിയ തുകയുടെ വിനിയോഗവിവരം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

വിനിയോഗ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ചെലവു തുക 70000 രൂപ തടസ്സത്തിൽ വെക്കുന്നു. അടവാക്കിയ തുകയുടെ വിനിയോഗ വിവരം പരിശോധനക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-23 വീട് വാസയോഗ്യമാക്കൽ-(ജനറൽ) - അഡ്വാൻസ് കൈപ്പറ്റി പ്രവൃത്തി പൂർത്തിയാക്കിയില്ല; തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

പ്രൊജക്ട് നമ്പർ- 195/21

വകയിരുത്തിയ തുക- 450000

ചെലവുതുക- 390000

നിർവഹണം- വി.ഇ.ഒ

ഭവന പുനരുദ്ധാരണത്തിനായി 2019-20 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പ്രൊജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്തി 369000 രൂപ ഓഡിറ്റ് വർഷത്തിലും ചെലവഴിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ അഡ്വാൻസ് ഇനത്തിൽ ആദ്യഗഡു കൈപറ്റിയ രണ്ട് ഗുണഭോക്താക്കൾ പുനരുദ്ധാരണം പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റി കാണുന്നില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ആദ്യഗഡുകൈപറ്റിയ തുക | കൈപ്പറ്റിയ തിയ്യതി |
|---|---|---|
| കദീജ. ചാലിൽ. പുറമേരി | 25000 | 22.11.19 |
| പ്രേമാരവീന്ദ്രൻ , പുത്തൻ പുരയിൽ | 25000 | 10.2.2020 |

മേൽ ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തിയാക്കാത്തത് സംബന്ധിച്ച് 2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. നിലവിൽ സ്പിൽ ഓവർ പ്രൊജക്ടായി മേൽ പ്രൊജക്ട് ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഗുണഭോക്താക്കൾ അഡ്വാൻസ് ഇനത്തിൽ തുക കൈപ്പറ്റി നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ അനുവദിച്ച തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചതായും അവസാന ഗഡു നൽകാൻ നിലവിൽ പ്രൊജക്ട് ഇല്ലാത്തതിനാൽ തുടർ നടപടിക്ക് ഭരണസമിതിയോട് അപേക്ഷിച്ചതായും അറിയിച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ കൈകൊണ്ട തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-24 ബഡ്സ് സ്കൂൾ അടിസ്ഥാന സൗകര്യം ഒരുക്കൽ-സ്കൂൾ പ്രവർത്തനം ആരംഭിക്കാത്തതിനാൽ വാങ്ങിയ ഫർണീച്ചറുകളും ഉപകരണങ്ങളും ഉപയോഗിക്കാതെ നശിക്കുന്നു

പ്രൊജക്ട് നമ്പർ- 101/21

വകയിരുത്തിയ തുക- 2600000

ചെലവുതുക- 244034(Order No 100/6.10.20)

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

പുറമേരി ഗ്രാമപഞ്ചായത്തിൽ പുതുതായി ആരംഭിക്കുന്ന ബഡ്സ് സ്കൂൾ ഭൗതിക സാഹചര്യം ഒരുക്കുന്നതിനായി ആവശ്യമായ ഫർണിച്ചറുകളും, മറ്റ് ഉപകരണങ്ങളും കുടുബശ്രീ മിഷനിൽ നിന്നും ലഭിച്ച ഫണ്ട് ഉപയോഗിച്ച് വാങ്ങുന്നതിനുള്ള മേൽ പ്രൊജക്ട് പ്രകാരം കേരള ആർട്ടീസൺസ് കോർപ്പറേഷൻ മുഖേന ആവശ്യമായ ഫർണിച്ചറുകൾ, ഡൈനിംഗ് ടേബിൾ, കിച്ചൺ കബോർഡ് മുതലായ 13 ഇനം ഉപകരണങ്ങൾ 244034 രൂപ വിനിയോഗിച്ച് വാങ്ങിയിട്ടുണ്ട്. ആർട്ടിസാൻസ്

ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും ഫർണിച്ചറുകളും, ഉപകരണങ്ങളും ലഭ്യമായിട്ടുണ്ടെങ്കിലും ആയത് ലഭ്യമായി ഏകദേശം രണ്ട് വർഷത്തോളമായിട്ടും ബഡ്സ് സ്കൂൾ പ്രവർത്തനമാരംഭിക്കാത്തതിനാൽ വാങ്ങിയ സാധനങ്ങൾ ബഡ്സ് സ്കൂൾ കെട്ടിടത്തിൽ കൂട്ടിയിട്ട് പരിപാലനമില്ലാതെ നശിച്ചു കൊണ്ടിരിക്കയാണ്. 2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ബഡ്സ് സ്കൂൾ പ്രവർത്തനമാരംഭിക്കാത്തത് സംബന്ധിച്ചും ഇത്തരത്തിൽ വാങ്ങിയ ഉപകരണങ്ങളും, ഫർണിച്ചറുകളും ഉപയോഗിക്കാതെ അട്ടിയിടത്തുനിന്നും നശിച്ചുകൊണ്ടിരിക്കുന്നത് സംബന്ധിച്ചും പരാമർശിച്ചിരുന്നെങ്കിലും നാളിതുവരെ ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ചതായി കാണുന്നില്ല. അപാകതകൾക്ക് കാരണം വിശദമാക്കുന്നതോടൊപ്പം ബഡ്സ് സ്കൂൾ തുറന്ന് പ്രവർത്തിക്കാൻ നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-25 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി.-അഡ്വാൻസ് കൈപറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപറ്റിയില്ല.

പ്രൊജക്റ്റ് നമ്പർ- 100/21

വകയിരുത്തിയ തുക- 400000

ചെലവുതുക- 175000 (ബിൽ നമ്പർ- 2/20-21 തി 11.11.20)

നിർവഹണം- അസിസ്റ്റന്റ് സെക്രട്ടറി

പുറമേരി ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികളുടെ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വീടിന് അനുബന്ധമായി 120 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മിക്കുക്കുന്നതിന് 2 പേർക്ക് രണ്ട് ലക്ഷം രൂപ വീതം ധന സഹായം അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റ് പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് അഡ്വാൻസ് ഇനത്തിൽ തുക നൽകിയിട്ടുണ്ട്. ആയതിന്റെ വിശദ വിവരം താഴെക്കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപറ്റിയ തുക |
|---|---|
| അനുഗ്രഹ് .വി.കെ S/O വത്സൻ ചരളിൽ പുത്തൻ പുരയിൽ . | 50000-<br>തിയ്യതി -11.11.20 |
| നിയകൃഷ്ണ .വി D/O വിനീഷ് വടക്കയിൽ | 50000+75000<br>തി -11.11.20, 26.3.21) |

മേൽ ഗുണഭോക്താക്കളിൽ രണ്ട് പേരും നാളിതുവരെ നിർമ്മാണം പീർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയതായി കാണുന്നില്ല. ഗുണഭോക്താക്കൾപഠനമുറി നിർമ്മാണം പൂർത്തീകരിക്കാൻ കൈകൊണ്ട നടപടികൾ അറിയിക്കേണ്ടതാണ്. പൂർത്തീകരിക്കാത്ത പക്ഷം കൈപ്പറ്റിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-26 മാലിന്യ ശേഖരണത്തിനും സംസ്കരണത്തിനും സംവിധാനമില്ല.അജൈവ മാലിന്യം കയറ്റിഅയക്കുന്നതിന് ലക്ഷങ്ങൾ ചെലവഴിക്കപ്പെടുന്നു

ഗ്രാമപഞ്ചായത്തിൽ അജൈവമാലിന്യ മാലിന്യ സംസ്കരണത്തിന് നാളിതുവരെ സംവിധാനമേർപ്പെടുത്താത്തതിനാൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കയറ്റി അയക്കുന്നതിന് 2018-19, 2019-20 വർഷങ്ങളിൽ ആരംഭിച്ച് സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി നടപ്പിലാക്കുന്ന രണ്ട് പ്രൊജക്റ്റുകളിലായി വൻ തുക ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 186/21-അജൈവമാലിന്യ പരിപാലനം | 1075000 | 836000 | 12.3.20 മുതൽ 28.3.20 വരെയുള്ള തിയ്യതികളിലായി 44 ലോഡ് പ്ലാസ്റ്റിക് വസ്തുക്കൾ കയറ്റി അയച്ചതിന് കൊനാരീസ് അഡ്വാൻസ്ഡ് പോളിമേർസ് എന്ന സ്ഥാപനത്തിന് നൽകിയ തുക. ലോഡിന് 19000 രൂപ പ്രകാരം |
| 42/21അജൈവമാലിന്യ പരിപാലനം വയബിലിറ്റി ഗ്യാപ് ഫണ്ട് | 1700000 | 725000 | 12.5.19 മുതൽ 12.6.19 വരെയുള്ള തിയ്യതികളിലായി 39.75 ലോഡ് പ്ലാസ്റ്റിക് വസ്തുക്കൾ കയറ്റി അയച്ചതിന് കൊനാരീസ് അഡ്വാൻസ്ഡ് പോളിമേർസ് എന്ന സ്ഥാപനത്തിന് നൽകിയ തുക. ലോഡിന് 18250 രൂപ പ്രകാരം |

ഗ്രാമപഞ്ചായത്തിൽ അജൈവമാലിന്യങ്ങളുടെ ശേഖരണത്തിനും സംസ്കരണത്തിനും സ്ഥിരം സംവിധാനം നടപ്പിലാക്കാത്തത് മൂലമാണ് പ്ലാസ്റ്റിക് പാഴ് വസ്തുക്കൾ കയറ്റി അയക്കുന്നതിനായി ലക്ഷങ്ങൾ ചെലവഴിക്കേണ്ടിവരുന്നത്. പ്രൊജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ മറ്റ് അപാകതകൾ താഴെക്കൊടുക്കുന്നു.

1)2018-19, 2019-20 വർഷങ്ങളിൽ അജൈവവസ്തുക്കൾ കയറ്റി അയക്കുന്നതിന് ടെണ്ടർ അംഗീകരിച്ച കൊനാരീസ് അഡ്വാൻസ്ഡ് പോളിമേർസ് എന്ന സ്ഥാപനം മേൽ പ്രവൃത്തിക്ക് സർക്കാർ അംഗീകൃത സ്ഥാപനമാണെന്നതിന്റെ രേഖകൾ പരിശോധക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ആയത് 15.7.2017 ലെ സർക്കാർ ഉത്തരവ് പ്രകാരമാണ് നടപ്പിലാക്കിയത് എന്ന് അറിയിച്ചിട്ടുണ്ട്. വിശദവിവരം ലഭ്യമാക്കിയിട്ടില്ല.

2)പ്രൊജക്ട് നമ്പർ 186/21 പ്രകാരം 44 ലോഡ് പ്ലാസ്റ്റിക് മാലിന്യങ്ങൾ കയറ്റി അയച്ചതിന് കൊനാരീസ് അഡ്വാൻസ്ഡ് പോളീമേർസ്എന്ന സ്ഥാപനത്തിന് 836000 രൂപ നൽകിയിട്ടുണ്ട്. ആദായനികുതി നിയമപ്രകാരം കരാറിലേർപ്പെട്ട സ്ഥാപനത്തിന് നൽകിയ തുകയുടെ 2% ഇൻകം ടാക്സ് ഇനത്തിൽ

ഈടാക്കേണ്ടതാണെങ്കിലും സ്ഥാപനത്തിൽ നിന്നും 1% മാത്രമെ നികുതി ഇനത്തിൽ ഈടാക്കി ആദായ നികുതി വകുപ്പിൽ അടവാക്കി കാണുന്നുള്ളു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ആയത് അറിവില്ലായ്മ മൂലമാണ് സംഭവിച്ചതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മാലിന്യ ശേഖരണത്തിനും സംസ്കരണത്തിനും നിലവിൽ സ്വീകരിച്ച് വരുന്ന നടപടികൾ അറിയിക്കുന്നതോടൊപ്പം ഇൻകംടാക്സ് ഇനത്തിൽ കുറവായി ഈടാക്കിയ 8360/- രൂപ ഈടാക്കി അടവാക്കേണ്ടതാണ്.

1-27 മിനി എം.സിഎഫ്, ബോട്ടിൽ ബൂത്ത് എന്നിവ സ്ഥാപിച്ചതിന് രേഖകൾ ഇല്ല

ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി സാമ്പത്തിക വർഷത്തിൽ വ്യത്യസ്ത പ്രൊജക്ടുകൾ പ്രകാരം മിനി എം.സി.എഫ്, ബോട്ടിൽ ബൂത്ത് എന്നിവ സ്ഥാപിക്കുന്നതിനായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| 231/21 ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ | 238800 | 218960 (Order No 94/30.9.20) | ടെണ്ടർ നടപടികളിലൂടെ ദിവിൻ ലാൽ വി.പി, എന്ന ആൾ നിർമ്മിച്ച് നൽകിയ 17 ബോട്ടിൽ ബൂത്തുകളിൽ ഒരെണ്ണം 17ാം വാർഡിൽ സ്ഥാപിച്ചതിന്റെ രേഖകളല്ലാതെ മറ്റുള്ളവ എവിടെ സ്ഥാപിച്ചു എന്ന് വ്യക്തമല്ല. |
| 247/21 | 225000 | 207000 (Order No 94/30.9.20) | ടെണ്ടർ നടപടികളിലൂടെ ദിവിൻലാൽ വി.പി, എന്ന ആൾ നിർമ്മിച്ചു നൽകിയ 9 മിനി എം. സി. എഫുകളിൽ ഒരെണ്ണം 17-ാം വാർഡിൽ സ്ഥാപിച്ചതിന്റെ രേഖകളല്ലാതെ |

| | | | |
|---|---|---|---|
| | | | മറ്റുള്ളവ എവിടെ സ്ഥാപിച്ചു എന്ന് വ്യക്തമല്ല. |

കരാർ പ്രകാരം ലഭ്യമായ മുഴുവൻ മിനി എം.സി.എഫ്. യൂണിറ്റുകൾ, ബോട്ടിൽ യൂണിറ്റുകൾ എന്നിവ എവിടെയൊക്കെ സ്ഥാപിച്ചു എന്നതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-28 നെൽകൃഷിക്ക് കൂലിചെലവ് സബ് സിഡി അനുവദിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

പ്രൊജക്റ്റ് നമ്പർ- 44/21

വകയിരുത്തിയ തുക- 170000

ചെലവുതുക--- 170000 (ബിൽ നമ്പർ-16/ 23-2-21,17/26-2-21,

31/17-3-21&37/28-3-21)

പുറമേരി ഗ്രാമപഞ്ചായത്തിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തി നടപ്പിലാക്കിയ മേൽ പ്രൊജക്റ്റ് പ്രകാരം 10 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്ത കർഷകർക്ക് കൂലി ചെലവ് അനുവദിക്കുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. ആയത് പ്രകാരം 61 കർഷകർക്കും 2 ഗ്രൂപ്പുകൾക്കും കൂലി ചെലവ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് വിഹിതവും, ജില്ലാപഞ്ചായത്ത് വിഹിതവും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും വിതരണം ചെയ്തിട്ടുണ്ട്. കൂലി ചെലവ് സബ്സിഡി വിതരണം ചെയ്തതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1.സ.ഉ.നമ്പർ 22/18/ത.സ്വ.ഭ.വ.തി 14.2.2018 ഖണ്ഡിക 6.1.6 പ്രകാരം വിള ഇൻഷുറൻസ് തുക മുൻകൂറായി കർഷകർ അടക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ കർഷകർ വിള ഇൻഷുർ ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.കൂലി ചെലവ് സബ്സിഡിക്കുള്ള അപേക്ഷകൾ ഉദ്യോഗസ്ഥർ പരിശോധനക്ക് വിധേയമാക്കി നൽകിയ തുകയുടെ ആധികാരികത ഉറപ്പുവരുത്തുന്നില്ല. അപേക്ഷയിൽ ഉദ്യോഗസ്ഥരുടെ പരിശോധനാ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ ഭാഗം ഉണ്ടെന്നിരിക്കെ ഒരു അപേക്ഷയിൽ പോലും പരിശോധനാ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/28-5-22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് സബ്സിഡി വിതരണം ചെയ്തതിന്റെ രേഖകൾ, അപേക്ഷകൾ എന്നിവ വിശദമായ പരിശോധനക്ക് വിധേയമാക്കി അനർഹർക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടില്ലെന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്.

## 1-29 ഫിഷറീസ് മേഖലയിൽ പദ്ധതി നടപ്പാക്കിയില്ല

കോവിഡ് കാലത്തെ സാമൂഹിക-സാമ്പത്തിക വെല്ലുവിളികളെ നേരിടുക, ഭക്ഷ്യോത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യങ്ങളോടെ സർക്കാർ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതിയുടെ നിർവ്വഹണ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

1994 കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് പ്രകാരമുള്ള 3-ാം പട്ടികയിൽ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിൽ കുളത്തിലെ മത്സ്യസമ്പത്തിന്റെ വികസനവും ശുദ്ധജലത്തിലെയും ക്ഷാരജലത്തിലെയും മീൻവളർത്തലും സമുദ്രവിഭവ വികസനവും നടപ്പാക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ഭരണസമിതിയുടെ 23-6-2020 ലെ 1/1 നമ്പർ തീരുമാന പ്രകാരം സുഭിക്ഷകേരളം മത്സ്യവികസന വിഭാഗം പദ്ധതികളുടെ പുറമേരി ഗ്രാമ പഞ്ചായത്ത് നിർവ്വഹണ

ഉദ്യോഗസ്ഥയായി ശ്രീമതി ദിൽന.ഡി.എസ്, ഫിഷറീസ് ഇൻസ്പെക്ടറെ നിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ 178/21 മത്സ്യകൃഷി വികസനം എന്ന പ്രോജക്ട് അവരെ ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. 28-1-2021 ലെ 1/3 നമ്പർ തീരുമാന പ്രകാരം ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവരുടെ മീറ്റിംഗ് വിളിച്ച് ചേർത്ത് പദ്ധതിയെപ്പറ്റി വ്യക്തമായ അവബോധം സൃഷ്ടിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥയോട് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരമൊരു പദ്ധതി തൻവർഷം അംഗീകാരം വാങ്ങി നടപ്പിലാക്കിയിട്ടില്ല. മത്സ്യബന്ധന മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാത്തത് മേഖലയുടെ വികസനത്തിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/28-5-22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫിഷറീസ് മേഖലയിൽ പദ്ധതികൾ നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-30 ചെലവഴിക്കാതെ അവശേഷിക്കുന്ന ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം പൂർണമായി തിരിച്ചടവാക്കിയില്ല.

സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കായി മുൻ വർഷങ്ങളിൽ ലഭ്യമായതും നാളിതുവരെ ചെലവഴിക്കാതെ അവശേഷിച്ചതുമായ ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 1584642 രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്. ആയതിൽ 708250 രൂപ ജില്ലാപഞ്ചായത്ത് വിഹിതമിനത്തിലും 876392 ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിലും ചെലവഴിക്കാതെ അവശേഷിച്ച തുകയാണ്. ഓഡിറ്റ സമയത്തെ തുടർ പരിശോധനയിൽ 18.1.22 ൽ ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ അടവാക്കാനുള്ള 708250 രൂപയിൽ 648250 രൂപയും, ബ്ലോക്ക്പഞ്ചായത്ത് വിഹിതമിനത്തിൽ അടവാക്കാനുള്ള 876392 രൂപയിൽ 801392 രൂപയും ട്രഷറിയിൽ തിരികെ അടവാക്കി കാണുന്നു. ഇതിൽ നിന്നും ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ 60000 രൂപയും (708250-648250) ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 75000 രൂപയും (876392-801392) തിരിച്ചടക്കാതെ നിലവിലും അവശേഷിക്കുന്നു. മേൽ തുകകൾ പൂർണമായും തിരിച്ചടവാക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

### 1-31 തെരുവ് വിളക്ക് സ്ഥാപിക്കൽ - രജിസ്റ്റർ സൂക്ഷിക്കുന്നില്ല , കൃത്യമായ കണക്കില്ലാതെ നിലാവ് പദ്ധതിയിൽ ചേർന്നു.

| | |
|---|---|
| പ്രൊജക്ട് നം | 142/2020-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| വകയിരുത്തിയ തുക | 450000(CFC ഗ്രാന്റ്) |
| ചെലവഴിച്ച തുക | 449550 |
| ബിൽ നമ്പർ | 3/11-4-20 |

കെൽട്രോണിൽ നിന്ന് 111 എൽ.ഇ.ഡി 24 വാട്ട് തെരുവ് വിളക്കുകൾ വാങ്ങി സ്ഥാപിച്ചതിന് തൻവർഷം 449550 രൂപ ചെലവഴിച്ചിട്ടുണ്ട്. തൻവർഷം തെരുവ് വിളക്കുകളുടെ വൈദ്യുതി

ചാർജിനത്തിൽ 439559 രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമല്ല. ആകെ തെരുവ് വിളക്കുകളുടെ എണ്ണം, എൽ.ഇ.ഡി വിളക്കുകളുടെ എണ്ണം, മറ്റു വിളക്കുകളുടെ എണ്ണം എന്നീ വിവരങ്ങൾ വൈദ്യുത ബോർഡുമായി സംയുക്ത പരിശോധന നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

14.01.2021 ലെ 1/1 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരമ്പരാഗത തെരുവു വിളക്കുകൾക്ക് പകരമായി എൽ.ഇ.ഡി കൾ സ്ഥാപിക്കുന്നതിനുള്ള നിലാവ് പദ്ധതി സർക്കാരിന്റെ 25.01.2020 തിയ്യതിയിലെ സ.ഉ. കൈ 202/2021/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി പുറമേരി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. പ്രസ്തുത ഉത്തരവിലെ അഞ്ചാം നമ്പർ പാക്കേജ് ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കുന്നതിനും, പദ്ധതിയുടെ നടത്തിപ്പിന്റെ ഭാഗമായി വരുന്ന ചെലവ് തുക വരുന്ന ഏഴ് വർഷങ്ങളിലെ വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്ത് കിഫ്ബിയ്ക്ക് നൽകുന്നതിന് സമ്മതമാണെന്ന് സർക്കാരിനെ അറിയിക്കുന്നതിനും തീരുമാനിച്ചു. ഉത്തരവ് പ്രകാരം ആകെ ചെലവ് തദ്ദേശ സ്ഥാപനങ്ങളുടെ വികസന ഫണ്ടിന്റെ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് കിഫ്ബിയ്ക്ക് നൽകുന്നതാണ്. പ്രസ്തുത തീരുമാനമെടുത്ത് നിലാവ് പദ്ധതിയിൽ ചേരുമ്പോൾ നിലവിലുള്ള എത്ര സ്ട്രീറ്റ് ലൈറ്റുകൾ നേരത്തെ തന്നെ എൽ.ഇ.ഡി. ബൾബുകൾ ആക്കി മാറ്റിയത് പരിഗണിച്ചു കാണുന്നില്ല. മേൽ പ്രോജക്ട് പ്രകാരം തന്നെ 111 തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മുൻ വർഷങ്ങളിലെ പ്രോജക്ടുകൾ പ്രകാരവും എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിച്ചിട്ടുണ്ടാകണം . അവയിൽ മിക്കവയും ഇപ്പോഴും പ്രകാശിക്കുന്നവ ആയിരിക്കണം. ഗ്രാമപഞ്ചായത്ത് നിലാവ് പദ്ധതിയിൽ ചേരുന്നതിന് മുമ്പ് പഞ്ചായത്തിന്റെ നിലവിലെ തെരുവ് വിളക്കുകളുടെ അവസ്ഥയെപ്പറ്റി കൃത്യമായ ധാരണയുണ്ടാക്കിയിട്ടില്ല.

തെരുവുവിളക്ക് രജിസ്റ്റർ കൃത്യമാക്കി വൈദ്യുതി ചാർജ്ജടവിന്റെ കൃത്യത ഉറപ്പു വരുത്താത്തതിനും പഞ്ചായത്തിന്റെ നിലവിലെ തെരുവ് വിളക്കുകളുടെ അവസ്ഥയെപ്പറ്റി കൃത്യമായ ധാരണയുണ്ടാക്കാതെ നിലാവ് പദ്ധതിയിൽ ചേർന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക്(11/28-5-22) മറുപടി നൽകിയിട്ടില്ല. സംയുക്ത പരിശോധന നടത്തി പ്രകാശിക്കുന്ന വിളക്കുകൾക്ക് മാത്രമേ വൈദ്യുതിചാർജ് ഒടുക്കുന്നുള്ളുവെന്ന് ഉറപ്പാക്കി അറിയിക്കേണ്ടതും കൃത്യമായ ധാരണയുണ്ടാക്കാതെ നിലാവ് പദ്ധതിയിൽ ചേർന്നതിന് വ്യക്തമായ വിശദീകരണം നൽകിയും പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-32 അംഗൻവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങളില്ല

പുറമേരി ഗ്രാമപഞ്ചായത്തിൽ ആകെ 31 അങ്കണവാടികളാണുള്ളത്. ഐ.സി.ഡി.എസ്. സൂപ്പർവൈസറിൽ നിന്ന് ശേഖരിച്ച വിവരങ്ങളനുസരിച്ച് അങ്കണവാടികളുടെ അടിസ്ഥാന വിവരങ്ങളെപ്പറ്റിയുള്ള സംക്ഷിപ്ത വിവരം താഴെ കൊടുത്തിരിക്കുന്നു.

| | |
|---|---|
| ആകെ അങ്കണവാടികളുടെ വിവരം | 31 |
| സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 22 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 06 |
| വാടക ഇതരം | 03 |
| സ്വന്തമായി കുടിവെള്ള സൗകര്യമുള്ളത് | 16 |
| വൈദ്യുത കണക്ഷനുള്ളത് | 21 |

| | |
|---|---|
| ടോയ്‌ലറ്റ് സൗകര്യമുള്ളത് | 22 |
| ചുറ്റുമതിലുള്ളത് | 15 |
| പാചകം ചെയ്യാൻ ഗ്യാസ് സൗകര്യമുള്ളത് | 18 |

സ്വന്തമായി സ്ഥലമില്ലാത്ത 9 അങ്കണവാടിയിൽ 6 എണ്ണത്തിന് സ്ഥലം ലഭ്യമായിട്ടുണ്ടെന്നും 3 കെട്ടിടങ്ങൾക്ക് പ്രോജക്ട് വച്ചിട്ടുണ്ടെന്നും ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ ഒരെണ്ണത്തിന്റെ മാത്രമേ പണി തുടങ്ങിയിട്ടുള്ളൂ. സെന്റർ നമ്പർ 135- പാതാളക്കുന്ന് അങ്കണവാടി സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നതാണെങ്കിലും കറന്റ് കണക്ഷൻ ലഭ്യമല്ല. 16 അങ്കണവാടികൾക്ക് മാത്രമാണ് സ്വന്തമായി കുടിവെള്ള സൗകര്യമുള്ളത്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് വിജയിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ അടിസ്ഥാന ആവശ്യങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് മുൻഗണനാക്രമം നിശ്ചയിച്ച് പ്രൊജക്ടുകൾ തയ്യാറാക്കാത്തതാണ് മേൽപ്പറഞ്ഞ അപാകതകൾക്ക് കാരണം.

അപാകതകൾ പരിഹരിക്കാനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-33 പ്രവൃത്തി തുടങ്ങുന്നതിനുള്ള കാലതാമസം-നടപടികൾ സ്വീകരിച്ചില്ല

പ്രൊജക്ട് നമ്പർ :239/21

പ്രൊജക്ട് : മാലോൽപാറ കരിയാടാംകണ്ടി റോഡ് നിർമ്മാണം

സാങ്ഷൻ ഓർഡർ നമ്പർ : 269/06-03-2021

തുക : 366,088/-

എം.ബുക്ക് : 230/2020-21

പ്രവൃത്തി പൂർത്തീകരിക്കാനുള്ള സമയ പരിധി: 6 മാസം

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി തിയ്യതി.01-02-2012 നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2116.1 പ്രകാരം സമയ പരിധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി ആരംഭിക്കാത്ത കേസുകളിൽ ഓരോ ആഴ്ചയിലേക്കും 0.1% (പരമാവധി 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ് ചെയ്യുകയും സെക്ഷൻ 2116.2, 2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ മേൽ പൊതുമരാമത്ത് പ്രവൃത്തികളിൽ കരാറുകാരൻ സമയപരിധി പാലിക്കാതെ അനിയന്ത്രിതമായി പ്രവൃത്തി നീട്ടിക്കൊണ്ടു പോയിട്ടും കരാറുകാരനെതിരെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ അനുശാസിക്കുന്ന നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പ്രവൃത്തിയുടെ വിശദാംശം ചുവടെ:

| | പ്രവൃത്തി സംബന്ധിച്ച നടപടികൾ | തിയ്യതി |
|---|---|---|
| 1 | ടെണ്ടർ | 27-09-2019 |
| 2 | ഭരണസമിതി ടെണ്ടർ അംഗീകരിച്ചത് | 4-10-2019 |
| 3 | സെലക്ഷൻ നോട്ടീസ് | 21-10-2019 |
| 4 | എഗ്രിമെന്റ് വെച്ചത് | 02-11-2019 |
| 5 | സൈറ്റ് കൈമാറിയത് | 02-11-2019 |

| | | |
|---|---|---|
| 6 | പ്രവർത്തി ആരംഭിച്ചത് | 05-10-2020(എം.ബുക്ക് പേജ് നമ്പർ 2) |

ടെണ്ടർ ചെയ്ത്, കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച് കാലാവധി കഴിഞ്ഞും പണി ആരംഭിക്കുക പോലും ചെയ്യാത്ത സാഹചര്യത്തിൽ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ആശാസ്യമല്ല. ഇത് ഗ്രാമപഞ്ചായത്തിന് കീഴിലെ ജനങ്ങൾക്ക് ഉപയുക്തമാവേണ്ട സേവനം യാതൊരു കാരണവുമില്ലാതെ നീട്ടിവെക്കപ്പെടുന്നതിനിടയാ കുന്നു. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 29/2020-21ന് മറുപടി നൽകിയിട്ടില്ല.

## 1-34 പൊതുമരാമത്ത് പദ്ധതികൾ :മോണിട്ടറിംഗ് ഫലപ്രദമല്ല

പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ സുതാര്യത ഉറപ്പുവരുത്താനായി സർക്കാർ പല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ 17 പ്രകാരം പണികളുടെ സംക്ഷിപ്ത വിവരം ഗ്രാമസഭയിൽ വെക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും വേണം. പദ്ധതി മോണിട്ടറിംഗ് നടത്താനുള്ള ചുമതല കൃത്യമായി നിർവ്വചിച്ച് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്. പുറമേരി ഗ്രാമപഞ്ചായത്ത് 2020-21 കാലഘട്ടത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് രണ്ടു തവണയാണ് മീറ്റിംഗ് ചേർന്നിട്ടുള്ളത്. 02-02-2021,17-02-2021 എന്നീ തിയ്യതികളിലാണ് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് ചേരുകയുണ്ടായത്. ആ മീറ്റിങ്ങുകളിലൊന്നും തന്നെ 2020-21 പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് യാതൊരു ചർച്ചകളും നടക്കുകയുണ്ടായിട്ടില്ല. പൊതുമരാമത്ത് പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ (എം.എസ്)11/2018/ത.സ്വ.വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11.2(6) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം. 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 13.2,13.1 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ , ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. ഗ്രാമ പഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് പറഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി 26/ 2020-21ന് മറുപടി നൽകിയിട്ടില്ല.

## 1-35 വിവിധക്ഷേമപെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈകൊള്ളുന്നതിൽ കാലതാമസം.

പഞ്ചായത്തിൽ സാമ്പത്തികവർഷം ലഭ്യമായിട്ടുള്ള വിവിധ ക്ഷേമപെൻഷനുകളുടെ അപേക്ഷകൾ, ആയതിന്റെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ, എന്നിവ പരിശോധിച്ചതിൽ ലഭ്യമായ അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈകൊള്ളുന്നതായി കാണുന്നില്ല. സാമ്പത്തിക വർഷത്തെ എല്ലാ ക്ഷേമപെൻഷനുകളുടെ കാര്യത്തിലും അപേക്ഷകളിൽ തീരുമാനം കൈകൊള്ളുന്നതിലെ കാലതാമസം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഏറ്റവും കൂടുതൽ അപേക്ഷകൾ ലഭിക്കുന്ന വാർദ്ധക്യകാല പെൻഷനുള്ള 90% അപേക്ഷകളിലും നിശ്ചിത സമയപരിധിക്കകം തീരുമാനം കൈകൊണ്ടിട്ടില്ല.

അപേക്ഷാ രജിസ്റ്ററുകളിൽ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയ തിയ്യതി, അന്വേഷണ റിപ്പോർട്ട് ലഭ്യമായ തിയ്യതി എന്നിവ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ തീരുമാനം കൈകൊള്ളുന്നതിൽ താമസം ഉണ്ടാവുന്നത് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമല്ല. അപാകതകൾക്ക് കാരണം വിശദമാക്കുന്നതോടൊപ്പം പെൻഷൻ അപേക്ഷാ രജിസ്റ്ററുകളിൽ ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ദിവസവേതനമിനത്തിൽ അധിക തുക നൽകി .

തൻവർഷം മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണം നടത്തിയ താഴെ കൊടുത്ത പ്രോജക്ട് മുഖേന ദിവസവേതനത്തിന് നിയമിച്ച മെഡിക്കൽ ഓഫീസർ, നഴ്സ് എന്നിവർക്ക് 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ള 12 മാസങ്ങളിലായി ദിവസവേതനം നൽകുന്നതിന് താഴെ കൊടുത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | ചെലവു തുക/ ഫണ്ടിനം | ബിൽ നംപർ |
|---|---|---|
| കുടുംബാരോഗ്യ കേന്ദ്രം അധിക ജീവനക്കാർക്ക് വേതനം 2020-21 105/21 | 10070+10070+10070+200140+10070+ 10070+10070+10070+10070+ 10070+10070 = 1200840 (900630വികസന ഫണ്ട് +300210 തനതുഫണ്ട്) | 3/12.5.20<br>5/3.6.20<br>9/6.7.20<br>10/24.8.20<br>15/6.10.20<br>17/4.11.20<br>20/28.11.20<br>28/8.3.21<br>വൗച്ചർ നമ്പർ 22001246/31-3-21<br>22000970/ 25-2-21<br>22000855/14-1-21 |

ജി.ഒ.(പി) 81/2019/ധനം തീയ്യതി 9-7-2019 ഉത്തരവ് പ്രകാരം 1.7.2019 മുതൽ കാറ്റഗറി XIIൽ ഉൾപ്പെട്ട മെഡിക്കൽ ഓഫീസർ (ഹെൽത്ത് സർവീസസ്), കാറ്റഗറി VIII ൽ ഉൾപ്പെട്ട സ്റ്റാഫ് നഴ്സ് എന്നിവർക്ക് യഥാക്രമം ദിവസവേതനം 1920,1075 എന്നിങ്ങനെയാണ്. ഒരു മാസം പരമാവധി 27 ദിവസത്തിൽ പരിമിതപ്പെടുത്തി മെഡിക്കൽ ഓഫീസർക്ക് 51840 രൂപയും സ്റ്റാഫ് നഴ്സിന് 29025 രൂപയും നൽകാവുന്നതാണ്. ജി.ഒ.(പി) 29/2021/ധനം തീയ്യതി 11-2-21 ഉത്തരവ് പ്രകാരം 1.2.2021 മുതൽ യഥാക്രമം ദിവസവേതനം 1960, 1100 എന്നിങ്ങനെയും ഒരു മാസം പരമാവധി 27 ദിവസത്തിൽ പരിമിതപ്പെടുത്തി മെഡിക്കൽ ഓഫീസർക്ക് 52920 രൂപയും സ്റ്റാഫ് നഴ്സിന് 29700 രൂപയും നൽകാവുന്നതാണ്. ഒരു മാസം എത്ര ദിവസം ജോലി ചെയ്തു എന്നതു സംബന്ധിച്ച അറ്റൻഡൻസ് സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല. ഈയിനത്തിൽ താഴെ കൊടുത്തിരിക്കും പ്രകാരം മെഡിക്കൽ ഓഫീസർക്കും സ്റ്റാഫ് നഴ്സിനും അധികം തുക നൽകിയതായി കാണുന്നു.

1. മെഡിക്കൽ ഓഫീസർ

| മാസം/വർഷം | മാസത്തിൽ പരമാവധി നൽകേണ്ട തുക | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|
| 4/2020 | 27x1920=51840 | 55285 | 3445 |
| 5/2020 | 27x1920=51840 | 55285 | 3445 |
| 6/2020 | 27x1920=51840 | 55285 | 3445 |
| 7/2020 | 27x1920=51840 | 55285 | 3445 |
| 8/2020 | 27x1920=51840 | 55285 | 3445 |
| 9/2020 | 27x1920=51840 | 55285 | 3445 |
| 10/2020 | 27x1920=51840 | 55285 | 3445 |
| 11/2020 | 27x1920=51840 | 55285 | 3445 |
| 12/2020 | 27x1920=51840 | 55285 | 3445 |
| 1/2021 | 27x1920=51840 | 55285 | 3445 |

| | | | |
|---|---|---|---|
| 2/2021 | 27x1960=52920 | 55285 | 2365 |
| 3/2021 | 27x1960=52920 | 55285 | 2365 |
| | അധികം നൽകിയ തുക | | 39180 |

2.സ്റ്റാഫ് നഴ്സ്

| മാസം/വർഷം | മാസത്തിൽ പരമാവധി നൽകേണ്ട തുക | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|
| 4/2020 | 27x1075=29025 | 29785 | 760 |
| 5/2020 | 27x1075=29025 | 29785 | 760 |
| 6/2020 | 27x1075=29025 | 29785 | 760 |
| 7/2020 | 27x1075=29025 | 29785 | 760 |
| 8/2020 | 27x1075=29025 | 29785 | 760 |
| 9/2020 | 27x1075=29025 | 29785 | 760 |
| 10/2020 | 27x1075=29025 | 29785 | 760 |
| 11/2020 | 27x1075=29025 | 29785 | 760 |
| 12/2020 | 27x1075=29025 | 29785 | 760 |
| 1/2021 | 27x1075=29025 | 29785 | 760 |
| 2/2021 | 27x1100=29700 | 29785 | 85 |
| 3/2021 | 27x1100=29700 | 29785 | 85 |
| | അധികം നൽകിയ തുക | | 7770 |

ഇപ്രകാരം ദിവസ വേതനമിനത്തിൽ അധികം തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (16/30-05-22) മറുപടി നൽകിയിട്ടില്ല. അധികം നൽകിയ 46950 (39180+7770) രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം:പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പി.ഡബ്ള്യൂ.ഡി തിയ്യതി.01-02-2012 നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% ത്തിൽ അധികരിക്കാതെ ദീർഘിപ്പിച്ചു നൽകാമെന്ന പറയുന്നു. സെക്ഷൻ 2112.1 അനുസരിച്ച് ഇങ്ങനെ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ ആദ്യ തവണ 1% വും തുടർന്ന് ഓരോ തവണയും 2% വും, മാക്സിമം 100,000/-രൂപ പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ചില പൊതുമരാമത്ത് പ്രവൃത്തികളിൽ സമയപരിധി പാലിക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തികളുടെ വിശദാംശം ചുവടെ:

| | പ്രവൃത്തിയുടെ പേര്,പ്രൊജക്ട് നമ്പർ | എസ്റ്റിമേറ്റ് | കരാറുകാരൻ, ടെണ്ടർ നിരക്ക് | പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി | ബിൽ റഫറൻസ് / സാങ്ഷൻ ഓഡർ നമ്പർ,തുക |
|---|---|---|---|---|---|---|
| 1 | ബഡ്സ് സ്കൂൾ വൈദ്യുതീകരണം(217/21) | 100,000 | മുഹമ്മദ് എം | 18-12-2020 | 04-02-2021 | 308/ 20-03-2021 97,627 /- |
| 2 | വയോജനകേന്ദ്രം വൈദ്യുതീകരണം (/211 21) | 68 ,000 | മുഹമ്മദ് എം | 18-12-2020 | 04-02-2021 | 306/ 20-03-2021, 61,217/- |
| 3 | അങ്കണവാടികൾ വൈദ്യുതീകരണം (220/21) | 140,000/- | മുഹമ്മദ് എം | 23-12-2020 | 04-02-2021 | 1303359/ 23-03-2021 |

ഈടാക്കേണ്ട പിഴയുടെ വിശദാംശം:

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| | പ്രവൃത്തി | പി.എ. സി സൈറ്റ് കൈമാറിയ തിയ്യതി, | പൂർത്തീകരിക്കേണ്ട , കാലയളവ് തിയ്യതി | പൂർത്തീകരിച്ച തിയ്യതി, അധികമെടുത്ത കാലയളവ് | ആദ്യ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ 1% (കാലയളവിന്റെ 25%) | തുടർന്നുള്ള ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ2% (കാലയളവിന്റെ 25%* | ആകെ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | തവണ) | |
| 1 | ബഡ്സ് സ്കൂൾ വൈദ്യുതീകരണം (217/21) | 100,000/- (28-11-2020) | 20ദിവസം (18-12-2020) | 04-02-2021 (48 ദിവസം) | 1000(5ദിവസം) | 2000/- | 3000/- |
| 2 | വയോജനകേന്ദ്രം വൈദ്യുതീകരണം (211/ 21) | 68,000/- (28-11-2020) | 20ദിവസം (18-12-2020) | 04-02-2021 (48 ദിവസം) | 680 (5ദിവസം) | 1360/- | 2040/- |
| 3 | അങ്കണവാടികൾ വൈദ്യുതീകരണം (220/21) | 140,000/- (28-11-2020) | 25ദിവസം (23-12-2020) | 04-02-2021 (43 ദിവസം) | 1400 (6.25ദിവസം) | 2800/- | 4200/- |
| | | | | | | | 9240/- |

ടെണ്ടർ ചെയ്ത്, കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച് കാലാവധി കഴിഞ്ഞും പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ആശാസ്യമല്ല. നിയമപരമായി ഈടാക്കേണ്ട പിഴ പോലും ഈടാക്കാതെ ബിൽ തുക മുഴുവൻ നൽകിയത് ക്രമവിരുദ്ധമാണ്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന് പറഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി 24/2020-21ന് മറുപടി നൽകിയിട്ടില്ല. പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ച 9240/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തിയ്യതി |
|---|---|---|
| 2020-21 | 25.05.2022 മുതൽ 30.05.2022 വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2020-21 | 5600 | ജല സംരക്ഷണത്തിന് ഫലവൃക്ഷ തൈ വിതരണം | 5600 | 0 |
| 2 | ജില്ലാ പഞ്ചായത്ത് | 2020-21 | 30000 | പച്ചക്കറി കൃഷിക്ക് കൂലി ചെലവ് (സബ്സിഡി) | 30000 | 0 |
| | ബ്ലോക്ക് പഞ്ചായത്ത് | | 25000 | | 25000 | 0 |
| 3 | ജില്ലാ പഞ്ചായത്ത് | 2020-21 | 60000 | നെൽ കൃഷി വികസനം കൂലി ചെലവ് | 60000 | 0 |
| | ബ്ലോക്ക് പഞ്ചായത്ത് | | 50000 | | 50000 | 0 |
| 4 | ജില്ലാ പഞ്ചായത്ത് | 2020-21 | 137500 | മുട്ടഗ്രാമം പദ്ധതി | 137500 | 0 |
| 5 | ജില്ലാ പഞ്ചായത്ത് | 2020-21 | 255000 | കറവയുള്ള പശു (ക്ഷീരഗ്രാമം) വനിത | 255000 | 0 |
| 6 | ജില്ലാ പഞ്ചായത്ത് | 2020-21 | 115000 | പോത്ത്കുട്ടി വിതരണം | 115000 | 0 |
| 7 | ജില്ലാ പഞ്ചായത്ത് | 2020-21 | 180000 | കറവയുള്ള പശു (ക്ഷീരഗ്രാമം) വനിത (Sc) | 180000 | 0 |
| 8 | ജില്ലാ പഞ്ചായത്ത് | 2020-21 | 300000 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | ബ്ലോക്ക് പഞ്ചായത്ത് | | 300000 | | 300000 | 0 |
| 9 | ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 650000 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 650000 | 0 |
| 10 | ജില്ലാ പഞ്ചായത്ത് | 2020-21 | 10000 | വിശപ്പ് രഹിത കേരളം കുടുംബശ്രീ ഹോട്ടൽ പരിപാടി | 10000 | 0 |
| | ബ്ലോക്ക് പഞ്ചായത്ത് | | 20000 | | 20000 | 0 |

4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ, വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | Go(Rt) 2614/2019. തീയതി- 20/11/2019 | - | 5731765 | 643765 | - | 5088000 |

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1398566 |
| തൻവർഷം നിക്ഷേപിച്ച തുക | 103296 |
| ആകെ | 1501862 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1501862 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | തുക |
|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക്, പുറമേരി ബ്രാഞ്ച് | 541755 |
| 2 | കേരള ഗ്രാമീണ ബാങ്ക്, പുറമേരി ബ്രാഞ്ച് | 721772 |
| 3 | കെ.ഡി.സി.ബാങ്ക്, ഓർക്കാട്ടേരി | 127499 |
| 4 | കെ.ഡി.സി.ബാങ്ക്, ഓർക്കാട്ടേരി | 110836 |
| | ആകെ | 1501862 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | ലഭ്യമല്ല | 1999 | 46 | വളം വില അധികം നൽകിയത് തിരിച്ചടച്ചില്ല | ഭാവിയിൽ വീഴ്ച ഒഴിവാക്കുന്നതിനും നിജസ്ഥിതി ഓഡിറ്റിനെ |

| | | | | | |
|---|---|---|---|---|---|
| | | | | | ബോധ്യ പ്പെടുത്താനും ശുപാർശ ചെയ്തു |
| 1999-00 | ലഭ്യമല്ല | 2003-04 | 11.14. മറ്റ് പരാമർശ ങ്ങൾ | 1.തെങ്ങിൻ തടം പുതയിടൽ – ജൈവ വള വിതരണം<br>2.പെരുമുണ്ടശ്ശേരി റോഡ് പ്രവൃത്തി | |
| 2000-01 | രേഖപ്പെടു ത്തിയില്ല | 2003-04 | 11.14 മറ്റ് പരാമർ ശങ്ങൾ | പുതിയേടത്ത് മീത്തൽ ജല സേചന പദ്ധതി | |
| 2015-16 | 3-9 | 2016-17 | 6(എ)1.4. | ആശ്രയ വീടിന് സ്ഥലം | നില നിൽക്കുന്നു |
| 2015-16 | 3-9 | 2016-17 | 6(എ)1.9. | വീട് ആവശ്യ മുള്ളവർ | നില നിൽക്കുന്നു |
| 2015-16 | 3-9 | 2016-17 | 6(എ).2.6. | വീട് റിപ്പയർ | നില നിൽക്കുന്നു |
| 2015-16 | 3-9 | 2016-17 | 6(എ)3.3. | കുടിവെള്ളം | നില നിൽക്കുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാതകതകൾ | നില നിൽക്കുന്നു |
| 2015-16 | 2-5 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | നില നിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62669999 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 62969929 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 56190 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1607249 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

### (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 46950 | ശ്രീ. ഡോ.പ്രദോഷ് കുമാർ.എം, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-2 | | 9240 | ശ്രീമതി. സനിഷ.പി, അസിസ്റ്റന്റ് എഞ്ചിനീയർ |

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 326085 | ശ്രീ. രാമചന്ദ്രൻ.എം, സെക്രട്ടറി |
| 1-15 | 500000 | ശ്രീ. രാമചന്ദ്രൻ.എം, |

| | | |
|---|---|---|
| | | സെക്രട്ടറി |
| 1-16 | 18470 | ശ്രീ. ഡോ.പ്രദോഷ് കുമാർ.എം,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-17 | 109194 | ശ്രീ. ഡോ.പ്രദോഷ് കുമാർ.എം,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-18 | 300000 | ശ്രീ. ഡോ.പ്രദോഷ് കുമാർ.എം,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-20 | 71000 | ശ്രീമതി. ഡോ.അമ്പിളി നാരായണൻ,<br>വെറ്ററിനറി സർജൻ |
| 1-21 | 212500 | ശ്രീമതി. ഡോ.അമ്പിളി നാരായണൻ,<br>വെറ്ററിനറി സർജൻ |
| 1-22 | 70000 | ശ്രീമതി. നിത്യ.ബി,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

1-26 : 8360 ആദായനികുതി

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.<br>അശ്വതി.സി.എൻ,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>കൃഷിഭവൻ, പുറമേരി | സ്നേഹ നിവാസ്,<br>നെല്ലിക്കാപ്പറമ്പ്,<br>ചെക്യാട് 673509 |
| ശ്രീ. രാമചന്ദ്രൻ.എം, | സെക്രട്ടറി, | മനയത്ത്, |

| | | |
|---|---|---|
| സെക്രട്ടറി | പുറമേരി ഗ്രാമപഞ്ചായത്ത് | എടക്കളം, കൊയിലാണ്ടി |
| ശ്രീ. ഡോ.പ്രദോഷ് കുമാർ.എം, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പുറമേരി | മാക്കൂട്ടത്തിൽ.പി.ഒ, കക്കട്ടിൽ, 673542 |
| ശ്രീമതി. ഡോ.അമ്പിളി നാരായണൻ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി ഒഞ്ചിയം | പുതിയോട്ടിൽ വീട്, മുട്ടുങ്ങൽ വെസ്റ്റ് , വടകര, |
| ശ്രീമതി. സനിഷ.പി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പുറമേരി ഗ്രാമ പഞ്ചായത്ത് | വലിയ വീട്ടിൽ, കടമേരി പി.ഒ, 673542 |
| ശ്രീമതി. നിത്യ.ബി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പുറമേരി ഗ്രാമപഞ്ചായത്ത് | രാധാലയം, കുമ്മങ്കോട്, നാദാപുരം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്./കെ.കെ.ഡി/പി5/ 665/ 09/ തി.31.03.2010 | 7 | 30,33(3), 37, 39, 40, 46, 47 |
| 1997-98 | എൽ.എഫ്.എസ്.2/1124/98/11.12.2000 | 3 | 8,9,11 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/പി5/ 1418/08/തി.10.05.18 | 18 | 32, 33, 34, 35, 36, 37, |

| | | | |
|---|---|---|---|
| | | | 38, 39, 40, 41, 42, 43, 44, 45, 46, 47, 48, 49 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി5/ 1584/03/ തി.15.03.2004 | 8 | 22, 23, 24, 25, 26, 28, 31, 34 |
| 2000-01 | കെ.എസ്.എ/കെ.കെ.ഡി/പി8/ 564/ 2006/തി.10.05.18 | 2 | 2-1, 2-2 |
| 2001-02 പ്ലാൻ | എൽ.എഫ്/കെ.കെ.ഡി. എസ്3/ 800/ 2017/തി.19.01.2014 | 3 | 3-2, 3-3, 3-4 |
| 2002-03 | എൽ.എഫ്/കെ.കെ.ഡി.പി8/ 544/06 തി.10.05.2007 | 4 | 2-2, 3-3, 3-6, 3-9 |
| 2003-04 | എൽ.എഫ്/കെ.കെ.ഡി.പി5/ 1016/08 തി.6.11.08 | 5 | 2-3, 2-4, 3-2, 3-3, 3-4 |
| 2004-05 | എൽ.എഫ്/കെ.കെ.ഡി.എസ്1/ 1255/07 തി.05.04.08 | 13 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4,3-5, 3-6, 3-7, 3-8 |
| 2005-06 | എൽ.എഫ്/കെ.കെ.ഡി.പി5/ 878/09 തി.09.09.09 | 12 | 3-2, 3-5, 3-7,3-10, 3-11,3-12, 3-13,3-14, 3-16,3-17, 3-18,3-19 |
| 2006-07 | എൽ.എഫ്/കെ.കെ.ഡി.പി5/ 755/10തി.30..4.10 | 12 | 2-2, 2-3, 3-1, 3-2, 3-3 (3,4), 3-6, 3-7, 3-8, 3-10,3-11, 3-12,3-13 |
| 2007-08 | എൽ.എഫ്/കെ.കെ.ഡി.പി5/ 1613/11 തി.12.01.12 | 10 | 2-1, 2-4, 3-1, 3-2, 3-5, 3-6, |

| | | | |
|---|---|---|---|
| | | | 3-7, 3-8, 3-9, 3-10 |
| 2008-09 | എൽ.എഫ്/കെ.കെ.ഡി.പി11/ 89/12/ തി.21.06.12 | 6 | 3-2, 3-3, 3-5, 3-6, 3-7, 3-10 |
| 2009-10& 2010-11 | എൽ.എഫ്/കെ.കെ.ഡി.പി11/ 396/13/ തി.25.04.13 | 16 | 2-1, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10,3-11, 3-13, 4-6 |
| 2011-12& 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി11/ 388/ 15/തി.06.04.15 | 11 | 2-1, 2-3, 3-1, 3-2, 3-4, 3-5, 3-6, 3-7, 3-9,3-10, 3-11, 3-12, 3-13,3-14, 3-15 |
| 2013-14& 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി11/ 419/ 16/തി.03.02.16 | 28 | 2-1, 2-2, 2-3, 3-1, 3-2, 3-4, 3-5(4,6), 3-6(1)(2), 3-7, 3-8, 3-9,3-10, 3-11, 3-13, 3-14,3-16, 3-17,3-18, 3-19,3-21, 3-22,3-24, 3-25,3-27, 3-28 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി11/ 2302/ 2016/തി.12.01.17 | 23 | 2-1, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-11, 3-12, 3-13, 3-14, 3-15, |

| | | | |
|---|---|---|---|
| | | | 3-16, 3-17, 3-18, 3-19, 3-20, 3-21 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി11/ 1524/17 തീ.03.01.18 | 14 | 2-1, 2-8, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-12, 3-13, 3-14 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി11/ 698/19 തീ-03.07.19 | 13 | 2-3, 2-5, 2-8, 3-1(1), 3-1(2), 3-2, 3-3, 3-4, 3-5, 3-6(2) (3), 3-8, 3-9 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി5/1047/20 തീ-01.11.20 | 16 | 1-1, 1-2(2), 1-2(3), 1-3, 1-4, 1-6(1)(3)(4)(6)(7), 1-16, 1-17, 1-18, 1-19, 1-20(4) |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി5/530/22 തീയതി: 25/03/2022 | 37 | 1-1 മുതൽ 1-37 വരെ |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്